# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഒക്ടോബർ 3 | ദീപം 57 | നാളം 30 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# രാജ്യനിയമത്തിനുംമേലെയോ വഖഫ്?



ജോർജ് കള്ളിവയലിൽ

കേന്ദ്രസർക്കാരിന്റെ വഖഫ് നിയമഭേദഗതി ബിൽ പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിക്കു (ജെപിസി) മുമ്പിലെത്തിയതു നൂറോ ആയിരമോ പതിനായിരമോ ലക്ഷമോ പരാതികളും പ്രതികരണങ്ങളുമല്ല. ഇമെയിലിൽ മാത്രം 1.2 കോടി പ്രതികരണങ്ങളാണ് ഇതെഴുതുന്നതുവരെ ലഭിച്ചത്. ബിജെപി നേതാവ് ജഗദംബിക പാൽ അധ്യക്ഷനായ വഖഫ് ഭേദഗതി ബില്ലിന്മേലുള്ള പാർലമെന്ററി സമിതിക്കുമുമ്പിൽ അതതു വീക്ഷണങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള രേഖകളുമായി 75,000 പ്രതികരണങ്ങളും ലഭിച്ചതായി പാർലമെന്ററി വൃത്തങ്ങൾ വ്യക്തമാക്കി. പ്രതികരണങ്ങൾ തരംതിരിക്കാനും പരിശോധിച്ചു രേഖപ്പെടുത്താനുമായി ലോക്സഭാ സെക്രട്ടേറിയറ്റിൽനിന്ന് പതിനഞ്ച് അധികജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

വഖഫ് ഭേദഗതിബില്ലിനെ എതിർക്കണമെന്ന് കേരളത്തിൽനിന്നടക്കം മുസ്‌ലിം നേതാക്കളും സംഘടനകളും ഗ്രൂപ്പുകളും മുസ്‌ലിങ്ങളോട് ആവശ്യപ്പെട്ടതിനു പിന്നാലെയാണു കരടുനിയമം പരിശോധിക്കുന്ന ജെപിസിക്ക് 120 ലക്ഷം പ്രതികരണങ്ങൾ ഇമെയിലിൽ എത്തിയത്. തീവ്ര ഇസ്ലാമികപ്രഭാഷകൻ സാക്കിർ നായിക് വഖഫ് ഭേദഗതി ബില്ലിനെതിരേ പ്രതികരിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇസ്‌ലാമികഗ്രൂപ്പുകളുടെ നീക്കത്തിനെതിരേ നിരവധി ഹിന്ദുഗ്രൂപ്പുകളും ബില്ലിനെ പിന്തുണച്ചു കമ്മിറ്റിക്ക് ഇമെയിലുകൾ അയയ്ക്കാൻ പ്രവർത്തകരോട് അഭ്യർഥിച്ചിരുന്നു.

### ജെപിസിക്കു പിടിപ്പതു പണി

വഖഫ് നിയമഭേദഗതിയെക്കുറിച്ച് അഭിപ്രായം തേടുന്നതിനായി ജഗദംബിക പാൽ എംപിയുടെ നേതൃത്വത്തിലുള്ള സംയുക്ത പാർലമെന്ററിസമിതി സെപ്റ്റംബർ 26 ന് രാജ്യത്താകെ പര്യടനം ആരംഭിക്കുകയാണ്. മുംബൈ, അഹമ്മദാബാദ്, ഹൈദരാബാദ്, ചെന്നൈ, ബംഗളൂരു എന്നീ നഗരങ്ങളിലാണ് പാർലമെന്ററി സമിതി നേരിട്ടു ഹിയറിങ് നടത്തുന്നത്. നിയമവിദഗ്ധർ, വഖഫ് ബോർഡ് അംഗങ്ങൾ, സമുദായപ്രതിനിധികൾ തുടങ്ങിയവരിൽനിന്നു സമിതി അഭിപ്രായം തേടും.

മഹാരാഷ്ട്ര, ഗുജറാത്ത്, തെലുങ്കാന, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രഭരണപ്രദേശങ്ങളിൽനിന്നുമുള്ള സർക്കാർ ഉദ്യോഗസ്ഥരുമായും പാർലമെന്ററിസമിതി ചർച്ചകൾ നടത്തും. ഭേദഗതിബില്ലിനെക്കുറിച്ചു രേഖാമൂലം നിർദേശങ്ങളും അഭിപ്രായങ്ങളും ഇമെയിലിൽ അറിയിക്കാൻ പൊതുജനങ്ങൾ, എൻജിഒകൾ, വിദഗ്ധർ, പങ്കാളികൾ, സ്ഥാപനങ്ങൾ തുടങ്ങിയവരോട് കഴിഞ്ഞ ഓഗസ്റ്റിൽ സമിതി അഭ്യർഥിച്ചപ്പോഴാണ് 120 ലക്ഷം പേർ ഇമെയിലുകൾ അയച്ചത്.

വഖഫ് ഭേദഗതിബില്ലിനെ എതിർത്തും അനുകൂലിച്ചും രാജ്യമെങ്ങും വിവാദം കത്തിപ്പടരുന്നതിന്റെ സൂചനയായി 1.2 കോടി ഇ മെയിലുകൾ. ജോയിന്റ് സെക്രട്ടറി, ലോക്സഭാ സെക്രട്ടേറിയറ്റ്, റൂം നമ്പർ 440, പാർലമെന്റ് ഹൗസ് അനക്സ് ന്യൂഡൽഹി - 110 001 എന്ന വിലാസത്തിലോ jpcwaqflss@sansad.nic.in എന്ന ഇ-മെയിൽ വിലാസത്തിലോ തങ്ങളുടെ അഭിപ്രായങ്ങൾ അയയ്ക്കണമെന്ന പാർലമെന്ററിസമിതിയുടെ പ്രസ്താവനയെത്തുടർന്നാണ് സന്ദേശങ്ങളുടെ കുത്തൊഴുക്കു തുടരുന്നത്.

### അനുകൂലിച്ചും പ്രതികൂലിച്ചും

വഖഫ്നിയമത്തിന്റെ പേരിൽ രാജ്യത്തൊട്ടാകെ ഉണ്ടായിട്ടുള്ള കൈയേറ്റങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മെച്ചപ്പെട്ട നിയമനടപടികൾ, വഖഫ് മാനേജുമെന്റിന്റെ വികേന്ദ്രീകരണം, രേഖകളുടെ ഡിജിറ്റലൈസേഷൻ, കൂടുതൽ കർശനമായ ഓഡിറ്റിങ് പ്രക്രിയകൾ തുടങ്ങിയവ ഉൾപ്പെടെ വഖഫ് ഭേദഗതിബില്ലിന്റെ പ്രധാനവശങ്ങൾ പരിശോധിക്കുകയാണു പാർലമെന്ററി സമിതിയുടെ ചുമതല.

വഖഫ്നിയമം പരിഷ്കരിക്കണമെന്ന കാര്യത്തിൽ ബിജെപിയിതര പാർട്ടികളിൽപോലും കാര്യമായ അഭിപ്രായവ്യത്യാസമില്ല. പക്ഷേ, വോട്ടുബാങ്കു രാഷ്ട്രീയവും മുസ്‌ലിം സമുദായനേതാക്കളുടെ സമ്മർദവുംമൂലം നിയമഭേദഗതിയെ പരസ്യമായി അനുകൂലിക്കാൻ കോൺഗ്രസും സിപിഎമ്മും അടക്കമുള്ള പല മുഖ്യധാരാപാർട്ടികളും തയ്യാറല്ല. നിയമഭേദഗതിക്കെതിരേ പ്രതിപക്ഷ ഇന്ത്യാസഖ്യത്തിലെ മിക്ക പാർട്ടികളും നിലപാടു സ്വീകരിച്ചതിനു പിന്നിലെ രാഷ്ട്രീയവും വ്യക്തം.

സെപ്റ്റംബർ 19 വ്യാഴാഴ്ച ഡൽഹിയിൽ ചേർന്ന ജെപിസി യോഗത്തിൽ ചൂടേറിയ വാഗ്വാദങ്ങളാണു നടന്നത്. ഭരണകക്ഷിയംഗങ്ങൾ നിയമഭേദഗതിയെ അനുകൂലിച്ചും പ്രതിപക്ഷ എംപിമാരിൽ കൂടുതൽപേരും ശക്തമായി എതിർത്തുമായിരുന്നു തർക്കം. മുസ്‌ലിം വ്യക്തിനിയമബോർഡിന്റെ ആഭിമുഖ്യത്തിൽ വഖഫ് ഭേദഗതിക്കെതിരേ കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പസമാനന്ദ സമാജ് പോലുള്ള ഹിന്ദുസംഘടനകളാകട്ടെ, പുതിയ ബില്ലിനെ അനുകൂലിച്ചു പ്രചാരണം നടത്തുന്നു. ▶ 6



# ഒടുങ്ങാത്ത സ്ട്രെസ്സും ഹൃദ്രോഗവും



ഡോ. ജോർജ് തയ്യിൽ

പണ്ട് ഹൃദ്രോഗബാധിതരിൽ ഭൂരിഭാഗവും മധ്യവയസ്സു പിന്നിട്ടവരും വാർധക്യത്തിലെത്തിയവരുമായിരുന്നു. പരിഷ്കൃതലോകത്ത് 30-35 വയസ്സാകുമ്പോഴേക്കും യുവത്വത്തിന്റെ ജീവനപഹരിക്കാൻ ഹൃദ്രോഗം പടിവാതിൽക്കലെത്തിക്കഴിഞ്ഞു. മുതിർന്നവരിൽ കാണുന്ന പല ആപത്ഘടകങ്ങളും ഇപ്പോൾ ചെറുപ്പക്കാരിലും കണ്ടുവരുന്നു എന്നത് ഭീഷണമായ ഒന്നുതന്നെ. അമിതവണ്ണം, പുകവലി, വർധിച്ച കൊളസ്ട്രോൾ, അമിതരക്തസമ്മർദം തുടങ്ങിയവയ്ക്കുമുമ്പിൽ ഇന്നു സ്ഥാനംപിടിച്ചിരിക്കുന്നത് സ്ട്രെസ്സാണ്; ഒടുങ്ങാത്ത സ്ട്രെസ്. കഴിഞ്ഞ ജൂലൈ 21 നാണ് എറണാകുളം സ്വദേശിനി 26 വയസ്സു മാത്രമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് അന്ന സെബാസ്റ്റ്യൻ പുനെയിൽ താമസസ്ഥലത്തു കുഴഞ്ഞുവീണു മരിച്ചത്. പുനെയിലെ ഇവൈ ഇന്ത്യാകമ്പനിയിലെ ജോലിക്കാരിയായ അന്ന ശരാശരി 18 മണിക്കൂറാണു ജോലി ചെയ്തത്. ഉറക്കമില്ലായ്മയും സമയം തെറ്റിയുള്ള ഭക്ഷണക്രമവും ഒടുങ്ങാത്ത സ്ട്രെസ്സും മൂലം പലപ്പോഴും നെഞ്ചുവേദനയുണ്ടായി ആശുപത്രിയിൽപോയി ഇസിജിയും മറ്റും എടുത്തിരുന്നു. ഇസിജിയിൽ വലിയ വ്യതിയാനങ്ങൾ കണ്ടതുമില്ല. 26 വയസ്സു മാത്രമുള്ള അന്ന സെബാസ്റ്റ്യന്റെ ആകസ്മികമരണം അന്ന് ഒരു ചർച്ചയ്ക്കോ പഠനത്തിനോ വിധേയമാക്കാതെ തേഞ്ഞുമാഞ്ഞുപോയി. ഇപ്പോൾ അമ്മയുടെ വെളിപ്പെടുത്തൽ വൈറലാകുകയാണ്. ഒടുങ്ങാത്ത സ്ട്രെസ്സും ജോലിഭാരവും ഉറക്കക്കുറവുംമൂലം ഹൃദയാഘാതം സംഭവിച്ചിരിക്കാമെന്ന് അനുമാനിക്കപ്പെടുന്നു. സ്ട്രെസ് അതിരുകടക്കുമ്പോൾ ഹൃദ്രോഗഭീഷണിയുണ്ടാകാൻ വയസ്സ് ഒരു പരിധിയല്ലെന്നു പുതിയ പഠനങ്ങൾ സ്ഥിരീകരിക്കുന്നു.

ആധുനികലോകത്തിന്റെ ശാപമായിമാറുകയാണ് അന്തമില്ലാത്ത സ്ട്രെസ്. പ്രവർത്തനശൈലിയെ ത്വരിതപ്പെടുത്താൻ സ്ട്രെസ് ഒരു പരിധിവരെ ആവശ്യമാണെങ്കിലും അതിരുകടന്ന മനോസംഘർഷം മനസ്സിനെയും ശരീരത്തെയും ഒരുപോലെ രോഗാതുരമാക്കുകയാണ്. ഇന്നത്തെ ലോകത്ത് ഒരുപിടി കാര്യങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. കംപ്യൂട്ടർവത്കരണത്തിലൂടെ ജീവിതചര്യകൾക്കു വളരെയധികം വേഗം കൈവരിച്ചുകഴിഞ്ഞു. ജീവിതക്കുതിപ്പിന് ആക്കംകൂട്ടാൻ സാങ്കേതികമികവുള്ള യന്ത്രസംവിധാനങ്ങളും ഏറെ. ▶15

# മലയാളത്തിന്റെ മാതൃഭാവം

## ഈയിടെ അന്തരിച്ച നടി കവിയൂർ പൊന്നമ്മയെക്കുറിച്ച്

■ വീയെൻ

അമ്മമാരെല്ലാം പൊന്നാണെന്നു മലയാളികൾക്കു ബോധ്യപ്പെടുത്തിത്തന്ന നടിയായിരുന്നു കവിയൂർ പൊന്നമ്മ. സാധാരണജീവിതത്തിൽ എല്ലാ അമ്മമാർക്കും പൊന്നമ്മമാരാകാൻ കഴിയില്ലെങ്കിലും ഒരു തലമുറയുടെ മാതൃസങ്കല്പങ്ങളെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഈ പൊന്നമ്മ വഹിച്ച പങ്കു വിസ്മരിക്കാവുന്നതല്ല. ഒരു അമ്മ എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്നു നിശ്ചയിക്കാൻ കഴിയില്ലെങ്കിലും ഇതുപോലെയായിരിക്കണം അമ്മയെന്നു കൊതിപ്പിക്കാൻ പൊന്നമ്മയ്ക്കു കഴിഞ്ഞുവെന്നതാണ് ആ നടിയെ ശ്രദ്ധേയയാക്കുന്നത്. അറുപതുവർഷക്കാലത്തോളം കവിയൂർ പൊന്നമ്മയെന്ന നടി മലയാളികളുടെ മാതൃസങ്കല്പങ്ങളുടെ ഉദാത്തമാതൃകയായി നിലകൊണ്ടുവെന്നത് നിസ്സാരകാര്യവുമല്ല.

മലയാളസിനിമയിലെ അമ്മമാരുടെ പട്ടികയെടുത്താൽ അതിലൊരിടത്തും കവിയൂർ പൊന്നമ്മയെപ്പോലെ മലയാളികളുടെ മനസ്സിൽ സ്ഥാനം നേടിയ അമ്മനടിയെ കണ്ടെത്താൻ കഴിയില്ല. അഭിനയിച്ചഭിനയിച്ചു മാതൃബിംബമായിമാറിയ അഭിനേത്രിയായിരുന്നു കവിയൂർ പൊന്നമ്മ. വ്യത്യസ്തമായ വേഷങ്ങൾ ഒരേസമയം നിറഞ്ഞാടിയ കെപിഎസി ലളിതയെയും സുകുമാരിയെയും നോക്കൂ. സിദ്ധിയും പ്രതിഭയുമുള്ള ഇവർ നല്ല അമ്മവേഷങ്ങൾകൊണ്ടു പ്രേക്ഷകരെ വിസ്മയിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കവിയൂർ പൊന്നമ്മയുടെ മാതൃഭാവത്തിനു പകരംനില്ക്കാൻ അവർക്കു സാധിച്ചിട്ടില്ല. കാരണം, വ്യത്യസ്തമായ വേഷങ്ങൾ അവർ കൈകാര്യം ചെയ്തപ്പോഴും പൊന്നമ്മ, അമ്മക്കഥാപാത്രങ്ങളിൽ മാത്രം അഭിരമിക്കാനാണ് ആഗ്രഹിച്ചത്. കേരള സംസ്കാരത്തിൽതന്നെ രൂഢമൂലമാക്കി നിർത്താൻ കഴിയുന്നവിധത്തിലുള്ളതായിരുന്നു പൊന്നമ്മയുടെ രൂപവും ഭാവവും വേഷവും. ചിരിമാത്രമുള്ള മുഖവും വലിയപൊട്ടും മുണ്ടും നേര്യതും സാരിയുമൊക്കെ അമ്മയായിമാത്രം നിലനില്ക്കാൻ ഈ നടിയെ ഏറെ സഹായിച്ചവയായിരുന്നു.

എന്റെ മനസ്സിൽ സ്നേഹം എന്ന വികാരം ഇത്തിരി കൂടുതലാണ്. എനിക്കു സ്നേഹിക്കാൻ മാത്രമേ അറിയൂ എന്നാണ് ഒരു അഭിമുഖത്തിൽ കവിയൂർ പൊന്നമ്മ പറഞ്ഞത്. ഉള്ളിലുണ്ടായിരുന്ന സ്നേഹം കഥാപാത്രങ്ങളിലേക്കു സന്നിവേശിപ്പിച്ചപ്പോൾ ആ സ്നേഹത്തിന്റെ ഉടമയെ സ്നേഹിക്കാതിരിക്കാൻ മലയാളികൾക്കും കഴിഞ്ഞില്ല. അങ്ങനെയാണ് കവിയൂർ പൊന്നമ്മ യഥാർഥത്തിൽ മലയാളികളുടെയെല്ലാം പൊന്നമ്മയായി മാറിയത്.

മലയാളികൾ സ്വന്തമാക്കാൻ ആഗ്രഹിച്ചതും സ്വപ്നം കണ്ടതുമായ അമ്മ കവിയൂർ പൊന്നമ്മയായിരുന്നുവെന്നതാണു സത്യം. അതുകൊണ്ട്, മലയാളസിനിമയിൽ കവിയൂർ പൊന്നമ്മയുടെ സ്ഥാനം എന്നും ഒഴിഞ്ഞുകിടക്കും. സഹിക്കാനും ക്ഷമിക്കാനും സ്നേഹിക്കാനും ത്യാഗം ചെയ്യാനും മാത്രമുള്ളവരാണ് അമ്മമാരെന്ന് മലയാളികൾ മനസ്സിലാക്കിയതും ഈ നടിയിൽനിന്നായിരുന്നു. അമ്മമാരുടെ സ്വഭാവപ്രത്യേകതകളുടെ വിവിധ ഭാവങ്ങൾ അവതരിപ്പിക്കുന്ന സിനിമകൾ കുറവായിരുന്നുവെങ്കിലും കവിയൂർ പൊന്നമ്മയുടെ കണ്ണീരും വാത്സല്യവും ദേഷ്യപ്പെടലുംകണ്ട് മലയാളികൾക്ക് ഒരിക്കലും ബോറടിച്ചിട്ടുണ്ടായിരുന്നില്ല. മറിച്ച്, തങ്ങളുടെ അമ്മമാരുമായി താദാത്മീകരിക്കാൻ കഴിയുന്ന വിധത്തിലുള്ള ഭാവങ്ങളെല്ലാം ആ നടിയിൽ കണ്ട് അവർ സായുജ്യമടയുകയായിരുന്നു.

തിങ്കളാഴ്ച നല്ല ദിവസത്തിലെയും കുടുംബവിശേഷത്തിലെയും അമ്മ മലയാളികളുടെ മനസ്സിൽ ഇന്നും വേദനയാണ്. തനിയാവർത്തനത്തിലെ അമ്മയുടെ നിസ്സഹായത ഏതൊരു അമ്മയും കടന്നുപോകുന്ന നിസ്സഹായതകളുടെ തുടർച്ചയായിരുന്നു.

അനശ്വരനടനെന്ന ഖ്യാതിയുള്ള, തന്നെക്കാൾ മുതിർന്ന സത്യന്റെയും (ഇരുപതാം വയസ്സിലായിരുന്നു സത്യന്റെയും മധുവിന്റെയും അമ്മയായത്) സമപ്രായക്കാരിയായ ഷീലയുടെയും ഇങ്ങേയറ്റം പുതിയ തലമുറയുടെയുംവരെ അമ്മയായി അഭിനയിക്കാൻ കഴിഞ്ഞിട്ടുള്ളതും ഒരേയൊരു കവിയൂർ പൊന്നമ്മയ്ക്കുമാത്രം. ഇതിൽ ഏറ്റവും മികച്ച അമ്മ-മകൻ രസതന്ത്രം മോഹൻലാൽ-കവിയൂർ പൊന്നമ്മയായിരുന്നുവെന്നത് സിനിമാപ്രേക്ഷകരുടെ അനുഭവസാക്ഷ്യം. കിരീടം, ചെങ്കോൽ, ഭരതം, ഹിസ് ഹൈനസ് അബ്ദുള്ള, വടക്കുംനാഥൻ, കാക്കക്കുയിൽ, ബാബാകല്യാണി ഇങ്ങനെ എത്രയെത്ര സിനിമകളിലാണ് ഇവർ അമ്മയും മകനുമായി ജീവിച്ചത്. ഇരുവരുടെയും ശരീരഭാഷയും സൗകുമാര്യവും ചേർന്നുള്ള ശ്രീത്വംതന്നെയാണ് തിരശ്ശീലയിലെ ഈ അമ്മ-മകൻ ബന്ധത്തിനു നൂറിൽ നൂറും നല്കാൻ പ്രേക്ഷകനെ പ്രേരിപ്പിച്ചതും.

എന്നാൽ, പഴയതലമുറയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട മകൻ-അമ്മ കോംബോ പ്രേംനസീർ-കവിയൂർ പൊന്നമ്മയായിരുന്നു. അമ്മവേഷം ഒരു സാധ്യതയായിമാത്രം കണ്ട നടികൂടിയായിരുന്നു പൊന്നമ്മയെന്നു തോന്നുന്നു. അതവർക്ക് ഒരിക്കലും ബാധ്യതയായിരുന്നുമില്ല. അതുകൊണ്ടാണ്, ടൈപ്പ് കാസ്റ്റ് ചെയ്യപ്പെടുമെന്ന് അറിയാമായിരുന്നിട്ടും മറ്റൊരു വേഷത്തിലേക്കും തിരിഞ്ഞുപോകാതെ അമ്മയായിമാത്രം നിലനില്ക്കാനും അഭിനയിക്കാനും ആഗ്രഹിച്ചത്.



മലയാളസിനിമയിൽ അമ്മമാർക്കു സ്ഥാനമില്ലാതെപോയ കാലത്തും രോഗങ്ങൾ പിടികൂടിയ സമയത്തുംമാത്രമാണ് അമ്മവേഷങ്ങളിൽനിന്ന് പൊന്നമ്മ മാറിനിന്നിട്ടുള്ളത്.

സിനിമയിൽ സ്നേഹത്തിന്റെ പൂക്കാലം നീട്ടുമ്പോഴും ജീവിതത്തിൽ അതു സാധിക്കാതെ പോയ അമ്മകൂടിയാണ് പൊന്നമ്മയെന്ന് ഓർമിക്കുന്നതും നന്നായിരിക്കും. ഏകമകൾ ബിന്ദു അമ്മയ്ക്കെതിരെ ഉന്നയിച്ച ആരോപണങ്ങളിലൊന്ന് അമ്മയൊരിക്കലും തന്നെ സ്നേഹിച്ചിട്ടേയില്ല എന്നായിരുന്നു. ഇത് അഭിനയവും ജീവിതവും തമ്മിലുള്ള അന്തരംകൂടി വ്യക്തമാക്കുന്നു. കുടുംബം നോക്കാനുള്ള തത്രപ്പാടിൽ തനിക്ക് ചിലപ്പോഴെങ്കിലും മകളുടെ കാര്യത്തിൽ അവളാഗ്രഹിക്കുന്നതുപോലെ സ്നേഹം നല്കാൻ സാധിച്ചിട്ടുണ്ടാവില്ലായെന്ന് പൊന്നമ്മ കുറ്റസമ്മതം നടത്തിയിട്ടുമുണ്ട്.

എല്ലാവർക്കും ഭക്ഷണം കഴിക്കണമെങ്കിൽ ഞാൻ ജോലിക്കു പോകണമായിരുന്നു എന്നാണ് പൊന്നമ്മയുടെ വിശദീകരണം. ഇന്നത്തേതുപോലെ ലിംഗസമത്വവും സ്ത്രീവാദവും രൂപപ്പെട്ടിട്ടില്ലാത്ത, ചെയ്യുന്ന ജോലിക്കു കൃത്യമായ വേതനംപോലും കിട്ടാതിരുന്ന ഒരു കാലംകൂടിയായിരുന്നു അതെന്നും ഓർമിക്കുക. എഴുത്തുകാരനെയും അഭിനേതാവിനെയുമൊക്കെ അവരുടെ ജീവിതവുമായി കൂട്ടിക്കെട്ടാതിരിക്കുകയാണ് അവരെ വാഴ്ത്താതെയും വീഴ്ത്താതെയുമിരിക്കാൻ അനുയോജ്യം.

മോഹൻലാലിനെയും മമ്മൂട്ടിയെയും കണ്ടു വളർന്ന മലയാളിതലമുറയ്ക്ക് പൊന്നമ്മയിൽനിന്ന് അമ്മയ്ക്കു നിരക്കാത്തതൊന്നും ഉൾക്കൊള്ളാൻ കഴിയുന്നവയല്ല. അതുകൊണ്ടാണ്, സുകൃതത്തിൽ മരണാസന്നനായ രവിശങ്കറിനു നിത്യവും മരുന്ന് അരച്ചുകൊടുക്കുകയും കഷായം വച്ചുകൊടുക്കുകയും ചെയ്യുന്നതിൽ ഈർഷ്യ പ്രകടിപ്പിക്കുന്ന, പൊന്നമ്മ അവതരിപ്പിച്ച ചെറിയമ്മയുടെ കഥാപാത്രം മലയാളികൾക്കു ദഹിക്കാനാവാതെ വന്നത്. കാരണം, അമ്മമാരുടെ ത്യാഗത്തിനും വാത്സല്യത്തിനും എതിരേ നില്ക്കുന്ന യാതൊന്നും പൊന്നമ്മയെന്ന നടിയിൽനിന്ന് അവർ പ്രതീക്ഷിക്കുന്നില്ല. അങ്ങനെയുള്ളവരെ ഞെട്ടിക്കാൻ പര്യാപ്തമാണ് അരനൂറ്റാണ്ടു പിന്നിട്ട എംടിയുടെ നിർമാല്യം സിനിമയിലെ വെളിച്ചപ്പാടിന്റെ ഭാര്യാവേഷം. നാലു കുട്ടികളുടെ അമ്മയായ നാരായണിയെയാണ് അതിൽ പൊന്നമ്മ അവതരിപ്പിച്ചത്. കുടുംബത്തിന്റെ പട്ടിണി മാറ്റാൻ മറ്റൊരു പുരുഷനുമുമ്പിൽ വഴങ്ങിക്കൊടുക്കേണ്ടിവരുന്ന നാരായണിയെക്കണ്ട് "എന്റെ നാലു മക്കളെ പെറ്റ നീയോ നാരായണി" എന്ന ഭർത്താവായ വെളിച്ചപ്പാടിനുണ്ടായ നടുക്കം പ്രേക്ഷകന്റേതുകൂടിയാണ്. പിന്നീട് അധികമൊന്നും ഇത്തരത്തിലുള്ള നെഗറ്റീവ് വേഷങ്ങളിൽ പൊന്നമ്മ പ്രത്യക്ഷപ്പെട്ടിട്ടില്ല. പക്ഷേ, ആണും പെണ്ണും (2021) എന്ന സിനിമയിലെ പൊന്നമ്മയുടെ കഥാപാത്രവും വ്യത്യസ്തമായിരുന്നു. ശയ്യാവലംബിയാണെങ്കിലും ഭർത്താവ് (നെടുമുടി വേണു) പറയുന്ന ശൃംഗാരകഥകൾ കേട്ടു രസിക്കുന്ന ഒരു കഥാപാത്രമാണ് അതിലുള്ളത്. അമ്മവേഷങ്ങളുടെ വാഴ്ത്തുകൾക്കിടയിൽ പൊന്നമ്മയുടെ ഇത്തരം കഥാപാത്രങ്ങളൊന്നും അധികമൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നതാണു വാസ്തവം.

അമ്മയായി അഭിനയിച്ചഭിനയിച്ച് അവസാനം സകലതിനെയും അമ്മയെപ്പോലെ സ്വീകരിക്കാൻ കഴിയുന്ന അമ്മഭാവം പൂർണമായും ഉൾക്കൊണ്ട നടിയായിരുന്നു കവിയൂർ പൊന്നമ്മ. ഇനി ഇതുപോലൊരു അമ്മനടിയെ കിട്ടാൻ മലയാളസിനിമ എത്രകാലം കാത്തിരിക്കണം? കവിയൂർ പൊന്നമ്മയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

■

# 'അടയ്ക്കാപ്പട്ടണം' പരിസ്ഥിതിലോലമേഖലയിൽ!



ഡോ. തോമസ് മൂലയിൽ

**നാ**ല് ഏറുമാടങ്ങളുടെ നടുവിൽ ഒരു കുരിശുപള്ളി. മേൽക്കൂര പുല്ലുമേഞ്ഞത്; തറ ചാണകം മെഴുകിയത്. അകത്തും പുറത്തുമായി കഷ്ടിച്ച് നൂറു പേർക്കുള്ള സൗകര്യങ്ങൾ. ആദ്യം ചുറ്റുവട്ടത്തിലായി മുപ്പതു വീട്ടുകാരേ ഉണ്ടായിരുന്നുള്ളൂ. ക്രമേണ കുടിയേറ്റക്കാർ വന്നുകൊണ്ടിരുന്നു. ആണ്ടുവട്ടത്തിൽ ഒരു കുർബാന. പിന്നെ, മാസത്തിലൊന്നായി. അച്ചൻ വരേണ്ടതു പത്തു മൈലകലെയുള്ള തലപ്പള്ളീന്ന്. അറുപതു കഴിഞ്ഞ വികാരിയച്ചൻ നടന്നുവന്നുവേണം കുർബാന ചൊല്ലാൻ. കുർബാനക്കുപ്പായവും മറ്റും സൂക്ഷിക്കുന്നതു കുട്ടിച്ചേട്ടന്റെ വീട്ടിൽ. കുടിയേറ്റക്കാർ കൂടിയതോടെ, തനിക്കു ബുദ്ധിമുട്ടുണ്ടെങ്കിലും പതിവായി ഞായറാഴ്ചകളിൽ വൈകുന്നേരം കുർബാന ചൊല്ലാൻ അച്ചൻ തീരുമാനിച്ചു. ആളുകൾക്കു വലിയ സന്തോഷമായി.

അങ്ങനെയിരിക്കേ, വികാരിയച്ചന് ഒരു അസ്തേന്തിയച്ചനെ കിട്ടി. ചുറുചുറുക്കുള്ള കൊച്ചച്ചൻ. ആരെയും ആകർഷിക്കുന്ന പെരുമാറ്റം. പാലാക്കാരനാണ്. അദ്ദേഹത്തിന്, പുത്തൻകുർബാന ചൊല്ലിയപ്പോൾ അങ്കിൾ സമ്മാനിച്ച ഒരു സൈക്കിളുണ്ട്. കൊച്ചച്ചന്റെ വരവോടെ വികാരിയച്ചൻ കുരിശുപള്ളി അദ്ദേഹത്തിനു വിട്ടുകൊടുത്തു. അദ്ദേഹം ഞായറാഴ്ച പതിവുള്ള കുർബാനയ്ക്കെത്തി. നല്ല പാട്ടും നല്ല പ്രസംഗവും. ആളുകൾക്കെല്ലാം ഇഷ്ടപ്പെട്ടു. കുർബാന കഴിഞ്ഞിറങ്ങിയപ്പോൾ എല്ലാവരുംകൂടി അച്ചനെ വളഞ്ഞു. കുട്ടികളൊക്കെ അടുത്തുവന്ന് അച്ചനെ തൊട്ടുനോക്കുന്നു, ചിലർ അച്ചന്റെ സൈക്കിളിനു ചുറ്റുംകൂടുന്നു. ഒരു ജറ്റുവിമാനം പള്ളിമുറ്റത്തിറങ്ങിയ പ്രതീതി! അതിനിടെ ഒരു 'ചിന്നപ്പയ്യൻ' അടുത്തുവന്ന് അച്ചനു സ്തുതി ചൊല്ലി: "ഈശോപിശാചിനു സ്റ്റുതിയായിരിക്കട്ടെ...!" ആളുകൾ പൊട്ടിച്ചിരിച്ചു. പയ്യന്റെ അമ്മയാകെ 'ചമ്മി'! അച്ചൻ അവനെ എടുത്തുപൊക്കി... 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നു പറയാൻ പഠിപ്പിച്ചു.

ആഴ്ചകൾ കഴിഞ്ഞപ്പോൾ വികാരിയച്ചൻ പറഞ്ഞു: "ഞായറാഴ്ചത്തെ രണ്ടു കുർബാനയും ഞാൻ ചൊല്ലിക്കോളാം. അച്ചൻ രാവിലെതന്നെ കുരിശുപള്ളിയിൽ പൊയ്ക്കൊള്ളൂ." കൊച്ചച്ചൻ എല്ലാ ഞായറാഴ്ചയും രാവിലെതന്നെ എത്താൻ തുടങ്ങി. കുട്ടികൾക്കു വേദപാഠക്ലാസ് ആരംഭിച്ചു. മുതിർന്ന കുട്ടികളെയെല്ലാം ഒരുമിച്ചിരുത്തി അച്ചൻതന്നെ ക്ലാസ്സെടുത്തു. ഭാഗ്യത്തിനു രണ്ടു പ്രൈമറിസ്കൂൾ അധ്യാപകർ അവിടെയുണ്ടായിരുന്നു. അവരെ അച്ചൻ വേദപാഠാധ്യാപകരാക്കി. കൂടാതെ, കൊച്ചുകുട്ടികളെ പഠിപ്പിക്കാൻ രണ്ടു സ്ത്രീകളെ ചുമതലപ്പെടുത്തി. അങ്ങനെ ഓരോരോ കാര്യങ്ങൾ ചെയ്യാൻ തുടങ്ങിയതോടെ കുരിശുപള്ളി സജീവമായി.

ഇതിനിടെ അച്ചൻ കുടുംബനാഥന്മാരുടെ ഒരു സമ്മേളനം വിളിച്ചു. ആരും വിട്ടുനിന്നില്ല, എല്ലാവരും എത്തി. സാങ്കേതികമായിപ്പറഞ്ഞാൽ, അതു പൊതുയോഗമായി. അതിൽനിന്നു പതിനഞ്ചുപേരെ തിരഞ്ഞെടുത്ത് ഒരു 'പവർഗ്രൂപ്പ്' ഉണ്ടാക്കി. പ്രതിനിധിയോഗം എന്ന് അതിനെ വിളിക്കാം. മിക്കവാറും എല്ലാ ഞായറാഴ്ചയും ഈ പവർഗ്രൂപ്പിന്റെ അല്ലെങ്കിൽ പ്രതിനിധിയോഗത്തിന്റെ സമ്മേളനമുണ്ടായിരുന്നു. പലതും പറഞ്ഞകൂട്ടത്തിൽ, കുട്ടിച്ചേട്ടൻ ഒരഭിപ്രായം പറഞ്ഞു. കുട്ടിച്ചേട്ടൻ ആ നാട്ടിലെ അപ്രഖ്യാപിതനേതാവാണ്. അദ്ദേഹത്തിന്റെ അഭിപ്രായം കുരിശുപള്ളി ഇടവകപ്പള്ളിയാക്കണമെന്നായിരുന്നു. എല്ലാവരും അതു ശരിവച്ചു. അന്നുതന്നെ ഒരു അഞ്ചംഗ കോർഗ്രൂപ്പുണ്ടാക്കി. കൈക്കാരന്മാർ എന്നുവേണമെങ്കിൽ അവരെ വിളിക്കാം. കുട്ടിച്ചേട്ടൻ, കുഞ്ഞേപ്പൻചേട്ടൻ, വർക്കിച്ചേട്ടൻ, വാവച്ചേട്ടൻ, മത്തായിച്ചേട്ടൻ എന്നിവരാണു കോർഗ്രൂപ്പിലെ അംഗങ്ങൾ. അവർ വികാരിയച്ചന്റെ മുമ്പിൽ വിഷയം അവതരിപ്പിച്ചു. നിർദേശം അച്ചനിഷ്ടമായി.

അഭിവന്ദ്യപിതാവിന്റെ അനുവാദം വാങ്ങാൻ അവർ അഞ്ചുപേരും വികാരിയച്ചനും കൊച്ചച്ചനുംകൂടെ യാത്രതിരിച്ചു. ഐഡിയാ പിതാവിനിഷ്ടപ്പെട്ടു. പക്ഷേ പണം? എല്ലാവരും പരസ്പരം നോക്കി. ഞങ്ങൾ പിരിച്ചെടുത്തോളാം എന്നു കുട്ടിച്ചേട്ടൻതന്നെ പറഞ്ഞു. ആശീർവാദവും വാങ്ങി അവർ വന്ദ്യപിതാവിന്റെ മുറിയിൽനിന്നിറങ്ങി. തിരിച്ചുള്ള യാത്രയ്ക്ക് ടിക്കറ്റെടുത്തതു വർക്കിച്ചേട്ടനായിരുന്നു.

പിറ്റേ ഞായറാഴ്ച പ്രതിനിധിയോഗം വിളിച്ചു. പള്ളിപണി സംബന്ധിച്ചുള്ള വിശദമായ ചർച്ച നടത്തി. തടി ആവശ്യത്തിനുള്ളതു പറമ്പിലുണ്ട്. കരിങ്കല്ലിനുള്ള പാറയുമുണ്ട്. കല്ലും തടിയുമാണ് അന്നത്തെ കെട്ടിടങ്ങൾക്കെല്ലാമുള്ളത്. തടിവെട്ടാൻ വെട്ടുകാരെയും തടിയറുക്കാൻ അറുപ്പുകാരെയും പാറപൊട്ടിക്കാൻ വെടിക്കാരനെയും പണിയാനുള്ള ആശാരിമാരെയും കല്ലാശാരിമാരെയും നാട്ടിൽനിന്നു വരുത്താമെന്നു തീരുമാനിച്ചു. കുട്ടിച്ചേട്ടനും വർക്കിച്ചേട്ടനും നാട്ടിൽപോയി വേണ്ടപ്പെട്ട പണിക്കാരെയെല്ലാം കൂട്ടിക്കൊണ്ടുവരാമെന്നേറ്റു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവർ പണിക്കാരെയെല്ലാം കൂട്ടി തിരിച്ചെത്തി. പണികൾ തകൃതിയായി ആരംഭിച്ചു. തടി വെട്ടിച്ചാടിക്കുന്നു, അറുക്കുന്നു, ആശാരി സ്ഥാനം കണ്ട് പ്ലാൻ തയ്യാറാക്കുന്നു, വെടിക്കാരൻ തമരടിച്ചു പാറ പൊട്ടിക്കുന്നു... കുരുമുളക് നല്ല വിളവായിരുന്നു; നല്ല വിലയും കിട്ടി. അതുകൊണ്ട് എല്ലാവരുടെയും കൈയിൽ പണമുണ്ട്. പ്രത്യേകം പിരിവൊന്നുമെടുത്തില്ല. ആൾക്കാരെല്ലാവരുംതന്നെ മാറിമാറി പണിസ്ഥലത്തുണ്ട്. 'സ്കിൽഡ്‌വർക്ക്' ഒഴികെ മറ്റെല്ലാ പണികളും ഇടവകക്കാർതന്നെയാണു ചെയ്യുന്നത്. പണിക്കാരും നാട്ടുകാരുമായി ശരാശരി ഇരുപത്തഞ്ചുപേരെങ്കിലും സ്ഥലത്തുണ്ടാകും. അവർക്കു ഭക്ഷണമൊരുക്കാൻ സ്ത്രീകൾ ഓരോ ഗ്രൂപ്പായി മാറിമാറി എത്തും.

പണികൾ മുമ്പോട്ടു നീങ്ങി. പണിക്കാവശ്യമായ കല്ലും തടിയുമൊക്കെയായി. അപ്പോഴേക്കും അരിച്ചും പിരിച്ചും ഉണ്ടാക്കിയ കാശെല്ലാം തീർന്നു. കൂനിന്മേൽ കുരു എന്നപോലെ മുളകിന്റെ വില സീസണായപ്പോഴേക്കും ഇടിഞ്ഞു. ഇടിവെട്ടേറ്റപോലെയായി!



കൊച്ചച്ചനും വികാരിയച്ചനുംകൂടി സംസാരിച്ചു. ഒരു വഴി തെളിഞ്ഞു, നാട്ടിൽ പോയി ഒരു പിരിവു നടത്തുക. ചങ്ങനാശ്ശേരിക്കാരൻ വികാരിയച്ചൻ ചങ്ങനാശ്ശേരിയിലും പാലാക്കാരൻ കൊച്ചച്ചൻ പാലായിലും പിരിക്കാൻ തീരുമാനിച്ചു. കുടിയേറ്റക്കാരിൽ ഭൂരിഭാഗവും പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി പ്രദേശങ്ങളിൽനിന്നുള്ളവരായതിനാൽ പിരിവു മോശം വന്നില്ല. പിരിവിൽ കൊച്ചച്ചൻ വികാരിയച്ചനെ കടത്തിവെട്ടി.

രണ്ടുവർഷംകൊണ്ടു പള്ളിപണി ഏതാണ്ടു പൂർത്തിയാക്കി. തലപ്പള്ളിയെക്കാൾ വലുപ്പവും ഭംഗിയുമുണ്ട് കുരിശുപള്ളിക്ക്. അഭിവന്ദ്യപിതാവിനെക്കൊണ്ട് പള്ളി വെഞ്ചരിപ്പിക്കാമെന്നു തീരുമാനിച്ചു. നാട്ടിലാകെ ഒരു ഉത്സവപ്രതീതി! ജാതിമതഭേദമെന്യേ എല്ലാവരും സഹകരിച്ചു. നിശ്ചിതദിവസം പിതാവെത്തി; വെഞ്ചരിപ്പുകഴിഞ്ഞു. പച്ചക്കപ്പയും മൂരിയിറച്ചിയുംകൊണ്ട് ഒരു സദ്യയും, പൊതുസമ്മേളനവും നടന്നു. ഔഖാദർ കുട്ടി സാഹിബും ശിവശങ്കരൻ നായരും ആശംസകളർപ്പിച്ചു സംസാരിച്ചത് മതസൗഹാർദത്തിനു മാതൃകയായി എന്ന് അഭിവന്ദ്യപിതാവ് തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു. കൂടാതെ, കൊച്ചച്ചനെ വികാരിയായി നിയമിച്ചിരിക്കുന്നതായി ഒരു പ്രസ്താവന പിതാവ് നടത്തി. അത് നീണ്ട കരഘോഷത്തോടെയാണ് ആളുകൾ സ്വീകരിച്ചത്.

അങ്ങനെയിരിക്കേ 'പുതിയ' വികാരിയച്ചൻ, തന്നെ സ്കൂളിൽ പഠിപ്പിച്ച സിസ്റ്റർ ആഞ്ചലിക്കാമ്മയെ ഓർത്തു. അവർ ഇപ്പോൾ ക്ലാരസഭയുടെ മദർജനറലാണ്. ഇടവകയിൽ ഒരു മഠം സ്ഥാപിക്കണമെന്ന ആഗ്രഹം അവരെ അറിയിച്ചു. പ്രിയശിഷ്യന്റെ അഭ്യർഥന സന്തോഷത്തോടെ സ്വീകരിച്ചു. അതിനിടെ കുട്ടിച്ചേട്ടൻ ഒരു പുതിയ വീടുപണിതിരുന്നു. അപ്പോൾ, പഴയവീട് കന്യാസ്ത്രീകൾക്കു താമസിക്കാൻ കൊടുക്കാമെന്ന് അച്ചനോടു പറഞ്ഞു. അടുത്ത മാസംതന്നെ അഞ്ച് സിസ്റ്റേഴ്സ് അവിടെയെത്തി പ്രവർത്തനങ്ങളാരംഭിച്ചു.

കുരിശുപള്ളി സാമാന്യം നിലവാരമുള്ള ഇടവകപ്പള്ളിയായി മാറി. എല്ലാംകൂടി നാലരവർഷം. പക്ഷേ, അതു പെട്ടെന്നാണു കടന്നുപോയത്. കുട്ടിച്ചേട്ടൻ, വർക്കിച്ചേട്ടൻ, കുഞ്ഞാപ്പൻചേട്ടൻ, മത്തായിച്ചേട്ടൻ, വാവച്ചേട്ടൻ കോർഗ്രൂപ്പ് ഇനിയുള്ള കാര്യങ്ങളെല്ലാം അടുത്ത തലമുറയ്ക്കു കൈമാറണമെന്ന നിർബന്ധത്തിലായി. അച്ചന്റെ നിർബന്ധത്തിനു വഴങ്ങി അഞ്ചുകൊല്ലം തികയ്ക്കാമെന്നേറ്റു. അപ്പോഴേക്കും അച്ചനും സ്ഥലംമാറ്റമായി. അങ്ങനെ ഒരു കാലഘട്ടം പിന്നിട്ടു.

ഇതിനിടെ, അഭിവന്ദ്യപിതാവ് കേരളത്തിലെ എല്ലാ മെത്രാന്മാർക്കുമായി ഒരു കത്തയച്ചു. കുടിയേറ്റമേഖലയിലെ വിദ്യാഭ്യാസസൗകര്യത്തെപ്പറ്റിയായിരുന്നു കത്ത്. മലയോരമേഖലയുടെ വികസനത്തിനു പള്ളിക്കൂടങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പിതാവു വിശദമായെഴുതി. എല്ലാ രൂപതകളുടെയും ഉദാരമായ സഹകരണം അഭ്യർഥിച്ചുകൊണ്ടാണു കത്തു സമാപിച്ചിരിക്കുന്നത്. പിതാവിന്റെ അഭ്യർഥനയ്ക്ക് വളരെ നല്ല പ്രതികരണമാണുണ്ടായത്. ഉദാരമായ സംഭാവനകൾ വന്നു. അപ്പോൾ പിതാവ് എല്ലാ ഇടവകകൾക്കും കത്തയച്ചു. വിദ്യാലയങ്ങൾ അരംഭിക്കാൻ താത്പര്യമുള്ള ഇടവകകൾക്ക് ചെലവിന്റെ അമ്പതു ശതമാനം തുക രൂപതയിൽനിന്നു നല്കുന്നതാണെന്ന് അറിയിച്ചു.

ഇതു കേട്ടപാടേ പുതുതായി ചാർജെടുത്ത കാഞ്ഞിരപ്പള്ളിക്കാരൻ യുവവൈദികൻ പൊതുയോഗം വിളിച്ച് ആളുകളുടെ അഭിപ്രായം ആരാഞ്ഞു. എല്ലാവരും സഹകരണം വാഗ്ദാനം ചെയ്തു. പണികൾ തീരുന്നതിന്റെ മുൻഗണനാക്രമത്തിലാണു സഹായം എന്നു പിതാവിന്റെ കത്തിലുണ്ടായിരുന്നു. വികാരിയച്ചൻ പോയ വികാരിയച്ചനെപ്പോലെ ആദ്യമായി വികാരിയായ ആളായതിനാൽ അദ്ദേഹം 'നൂറേൽ' നിന്നു. അപ്പോഴേക്കും കൃഷിസ്ഥലങ്ങളെല്ലാം വിളഭൂമികളായി മാറിയിരുന്നു. ഉത്പന്നങ്ങൾക്ക് നല്ല വിലയും കിട്ടി. അതുകൊണ്ട് നല്ല തുക പിരിഞ്ഞുകിട്ടി. പള്ളിയിലേക്കു വരാൻ നിലവാരമുള്ള മൂന്നു റോഡുകൾ നാട്ടുകാരുടെ കൂട്ടായ ശ്രമഫലമായി ഉണ്ടായി. വാഹനസൗകര്യം വർധിച്ചു. ആറുമാസംകൊണ്ട് സ്കൂൾ കെട്ടിടത്തിന്റെ പാതി പണികൾ തീർന്നു. അഭിവന്ദ്യപിതാവ് വാഗ്ദാനം ചെയ്ത തുക കൈപ്പറ്റി. രൂപതയിൽനിന്നുള്ള തുക ആദ്യം നേടുന്ന ഇടവക എന്ന റിക്കാർഡും ഇട്ടു. കൃത്യം ഒരു വർഷംകൊണ്ടു പണികൾ പൂർത്തിയാക്കി. അങ്ങനെ പള്ളിയായി, പള്ളിക്കൂടമായി, മഠമായി. നാട്ടിലുണ്ടായ മാറ്റങ്ങൾ അദ്ഭുതാവഹമെന്നല്ലാതെ എന്തു പറയേണ്ടൂ! കോർകമ്മിറ്റിയും പവർഗ്രൂപ്പും എല്ലാം സന്തോഷത്തോടും ചാരുതാർഥ്യത്തോടും കൂടെ പിൻവാങ്ങി. എല്ലാം പുതുതലമുറയ്ക്കു കൈമാറി.

വർഷങ്ങൾ കടന്നുപോയി. പള്ളിക്കൂടത്തിന്റെ രജതജൂബിലിയായി. ആഘോഷങ്ങൾ പൊടിപൊടിച്ചു. പൂർവവിദ്യാർഥികളിൽ വളരെപ്പേർ ദേശത്തും വിദേശത്തും ജോലിക്കാരായി. ജൂബിലിയോടനുബന്ധിച്ചു നടന്ന പൂർവവിദ്യാർഥിസംഗമത്തിൽ ഡോക്ടർമാർ, എഞ്ചിനിയർമാർ, ശാസ്ത്രജ്ഞർ, രാഷ്ട്രീയനേതാക്കൾ...! പൂർവവിദ്യാർഥിയായ മന്ത്രിയാണ് വികാരിയച്ചന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്തത്. യോഗത്തിൽ സംബന്ധിച്ചവരെല്ലാം പൂർവികരെ ആദരവോടെ അനുസ്മരിച്ചു. യോഗാധ്യക്ഷൻ ഒരു നിർദേശം വച്ചു. പൂർവവിദ്യാർഥികൾ മുൻകൈയെടുത്ത് നമ്മുടെ നാട്ടിൽ ഒരു കോളജ് സ്ഥാപിക്കണം. നീണ്ട കരഘോഷത്തോടെയാണ് അച്ചന്റെ അഭ്യർഥനയെ ആളുകൾ എതിരേറ്റത്. അന്നുതന്നെ ഒരു കോടി രൂപയുടെ ഓഫർ വന്നു. തികയാതെ വരുന്ന തുക പിരിവെടുത്തു കോളേജുപണി നടത്താമെന്ന് വികാരിയച്ചൻ അറിയിച്ചു.

നടപടിക്രമങ്ങളെല്ലാം ദ്രുതഗതിയിൽ ആരംഭിച്ചു. പൂർവവിദ്യാർഥികളുടെ ഓഫറുകളുടെ ചെക്കുകൾ വന്നുകൊണ്ടിരുന്നു. സമാന്തരമായി നാട്ടിൽ പിരിവും നടന്നു. ജാതിമതഭേദമെന്യേ എല്ലാവരുടെയും സഹകരണമുണ്ടായി. ചുരുങ്ങിയ കാലംകൊണ്ട് കോടികൾ മുടക്കി മലനാട്ടിൽ പ്രൗഢഗംഭീരമായ ഒരു ബഹുനിലമന്ദിരം ഉയർന്നു!

അഭിവന്ദ്യപിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തത് ബഹു. മുഖ്യമന്ത്രിയായിരുന്നു. അഭിവന്ദ്യപിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ ഒരു പ്രഖ്യാപനം നടത്തി. രൂപതയുടെ വടക്കും തെക്കും പടിഞ്ഞാറും ഉള്ള മൂന്നു ഫൊറോനകൾക്കൊപ്പം നാലാമത്തെ ഫൊറോന ആയി ഇടവകയെ ഉയർത്തിയിരിക്കുന്നു. അങ്ങനെ, സെന്റ് ജോസഫ്സ് ഈസ്റ്റേൺ ഫൊറെയിൻ ചർച്ച് നിലവിൽവന്നു. 'അടയ്ക്കാപ്പട്ടണം' എന്നു പരിഹസിച്ചിരുന്ന പ്രദേശം ഇതോടെ ഒരു സിറ്റിയായി രൂപാന്തരപ്പെട്ടു. പക്ഷേ... അത് ഇന്ന് പരിസ്ഥിതിലോലമേഖലയിലാണ്...! ■

നേർമൊഴി

# 'ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ്' സാധ്യമോ?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് എന്ന മുദ്രാവാക്യം കേൾവിക്ക് ഇമ്പമുള്ളതാണ്. ഏകീകൃതതിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഈ ആശയം ബിജെപിയുടേതല്ല. കുറെക്കാലമായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണത്. എങ്കിലും, ഈ വിഷയം ഗൗരവതരമായ പഠനത്തിനു വിധേയമാക്കിയത് ബിജെപിസർക്കാരാണ്. 2014 ലെയും 2019 ലെയും തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽ ബിജെപി ഉൾപ്പെടുത്തിയ വാഗ്ദാനങ്ങളിലൊന്നാണ് ഏകീകൃത തിരഞ്ഞെടുപ്പ്. ഇതിനോടകം രണ്ടു വാഗ്ദാനങ്ങൾ നടപ്പാക്കിക്കഴിഞ്ഞു: അയോധ്യയിൽ രാമക്ഷേത്രനിർമാണവും ജമ്മുകാഷ്മീരിന്റെ പ്രത്യേകപദവിയെക്കുറിച്ചു ചർച്ച ചെയ്യുന്ന ആർട്ടിക്കിൾ 370 നീക്കം ചെയ്യുന്ന നടപടിയും. ഏകീകൃതതിരഞ്ഞെടുപ്പുരീതി നടപ്പാക്കാൻ കഴിഞ്ഞാൽ ബാക്കിയാകുന്നത് ഏകീകൃതസിവിൽകോഡ് നടപ്പാക്കുമെന്നുള്ള വാഗ്ദാനമാണ്.

ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് എന്ന പദ്ധതി നടപ്പാക്കേണ്ടത് എങ്ങനെ എന്നതിനെപ്പറ്റി പഠിക്കുന്നതിന് മുൻരാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായി നിയോഗിക്കപ്പെട്ട സമിതി സമർപ്പിച്ച റിപ്പോർട്ട് കഴിഞ്ഞദിവസം മന്ത്രിസഭ അംഗീകരിച്ചു. ഇനി അത് പാർലമെന്റിന്റെ ശീതകാലസമ്മേളനത്തിൽ അവതരിപ്പിച്ച് ഇരുസഭകളിലും പാസ്സാക്കേണ്ടതുണ്ട്. അത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, ബിജെപി സർക്കാരിന്റെ ഭൂരിപക്ഷം കുറഞ്ഞിരിക്കുന്ന സമയമാണിത്. നിലവിൽ തിരഞ്ഞെടുപ്പു നടക്കുന്നത് മൂന്നു തലത്തിലാണ് - പാർലമെന്റിലേക്ക്, നിയമസഭകളിലേക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക്. രാംനാഥ് കോവിന്ദ് സമിതിയുടെ ശിപാർശ പ്രകാരം പാർലമെന്റുതിരഞ്ഞെടുപ്പും നിയമസഭാതിരഞ്ഞെടുപ്പും ഒരുമിച്ചു നടത്തണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് പൊതുതിരഞ്ഞെടുപ്പിനു ശേഷം നൂറു ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പു പൂർത്തിയാക്കണം. മന്ത്രിസഭ അംഗീകരിച്ച ഏകീകൃതതിരഞ്ഞെടുപ്പിന്റെ



ശിപാർശ പാർലമെന്റിൽ നിയമമാക്കി മാറ്റുന്നതിന് ഭരണഘടനാഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 83, 85, 172, 356 വകുപ്പുകളാണ് ഭേദഗതി ചെയ്യേണ്ടിവരിക. അത് സാങ്കേതികമായി സാധ്യമാണെങ്കിലും പ്രായോഗികതലത്തിൽ എളുപ്പമല്ല. ഭരണഘടനാഭേദഗതിക്ക് ഇരുസഭകളിലും മൂന്നിൽരണ്ടു ഭൂരിപക്ഷം ആവശ്യമാണ്. പ്രതിപക്ഷവും ചെറിയ രാഷ്ട്രീയകക്ഷികളും എതിർത്തുനില്ക്കുമ്പോൾ സർക്കാരിനു ഭൂരിപക്ഷം കണ്ടെത്തുക എളുപ്പമാവില്ല.

ഏകീകൃതതിരഞ്ഞെടുപ്പുരീതിയായിരുന്നു 1967-68 വരെയും. പിന്നീടാണ് ഒരുമിച്ചുള്ള തിരഞ്ഞെടുപ്പുരീതിയിൽ മാറ്റം വരുന്നത്. ആ സമയത്ത് വോട്ടർമാരുടെ എണ്ണം വളരെ കുറവായിരുന്നു. ഇപ്പോൾ ഏകദേശം 96 കോടി ജനങ്ങൾ വോട്ടവകാശമുള്ളവരാണ്. വോട്ടർമാരുടെ എണ്ണം കൂടിയപ്പോൾ ഉദ്യോഗസ്ഥരുടെ എണ്ണവും സാങ്കേതികവിദ്യയുടെ ലഭ്യതയും വർധിച്ചിട്ടില്ലേ എന്ന ചോദ്യമുയരുക സ്വാഭാവികമാണ്.

ഏകീകൃതതിരഞ്ഞെടുപ്പിനെ അനുകൂലിക്കുന്നവർ ചൂണ്ടിക്കാണിക്കുന്ന പ്രയോജനങ്ങളെ നിസ്സാരമായി കാണാനാവുകയില്ല. 1. ഭീമമായ ചെലവു കുറയ്ക്കാനാകും. ഒരു പൊതുതിരഞ്ഞെടുപ്പിനു കേന്ദ്രസർക്കാർ മുടക്കേണ്ടിവരുന്ന തുക പതിനായിരം കോടിയിലധികമാണ്. സ്ഥാനാർഥികൾ ചെലവഴിക്കുന്നത് അറുപതിനായിരം കോടിയുടെ മുകളിലാണ്. 2. ഉദ്യോഗസ്ഥരെയും പൊലീസുൾപ്പെടെയുള്ള സെക്യൂരിറ്റി ഉദ്യോഗസ്ഥരെയും നാടിന്റെ വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്താനാകും. തിരഞ്ഞെടുപ്പിനുവേണ്ടി ഉദ്യോഗസ്ഥർ നിയോഗിക്കപ്പെടുമ്പോൾ അവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കപ്പെടാതെ പോകും. 3. തിരഞ്ഞെടുപ്പുപ്രചാരണത്തിനുവേണ്ടി മന്ത്രിമാരും മുതിർന്ന നേതാക്കന്മാരും പോകുന്നതുകൊണ്ട് ഭരണസ്തംഭനമുണ്ടാകുകയോ മന്ദഗതിയിലാവുകയോ ചെയ്യും. ഒറ്റത്തിരഞ്ഞെടുപ്പ് ഇതിനു പരിഹാരമാകും. 4. വോട്ടിംഗ് ശതമാനം വർധിക്കാനുള്ള സാധ്യതയുണ്ട്. പൊതുതിരഞ്ഞെടുപ്പ് നേരത്തേ അറിയാമെങ്കിൽ സംസ്ഥാനത്തിനു പുറത്തും വിദേശങ്ങളിലുമുള്ളവർക്ക് അവധി ക്രമീകരിച്ച് എത്തി വോട്ടു ചെയ്യാനാകും. 5. എപ്പോഴും തിരഞ്ഞെടുപ്പിനെ നേരിടുക എന്ന ബുദ്ധിമുട്ട് സാധാരണപൗരന്മാർക്കു മാറിക്കിട്ടും. തിരഞ്ഞെടുപ്പുകോലാഹലങ്ങൾ ചിലർക്ക് അസ്വസ്ഥത സൃഷ്ടിക്കും.

ഏകീകൃതതിരഞ്ഞെടുപ്പിനെ എതിർക്കുന്നവർക്ക് അവരുടേതായ ന്യായങ്ങളുണ്ട്. 1. ജനാധിപത്യത്തിന്റെ ശക്തിയും സൗന്ദര്യവും ചോരുന്നതിനു കാരണമാകും. ഏകീകൃതതിരഞ്ഞെടുപ്പിൽ ചർച്ചയാകുന്നത് ദേശീയവിഷയങ്ങളും അന്താരാഷ്ട്രവിഷയങ്ങളുമാണ്. സാധാരണക്കാരന്റെ വിഷയങ്ങൾ ചർച്ചയാവുകയില്ല. 2. പ്രാദേശികവിഷയങ്ങൾ പരിഗണനാവിഷയമാവുകയില്ല. ദേശീയനേതാക്കന്മാർക്ക് പ്രാദേശികവിഷയങ്ങൾ അറിയില്ല. അതുകൊണ്ട് അത് അഭിസംബോധന ചെയ്യപ്പെടുന്നില്ല. ദേശീയനേതാക്കന്മാരുടെ വേദികളിൽ പ്രാദേശികനേതാക്കന്മാരും അവരുടെ ആവശ്യങ്ങളും ശ്രദ്ധിക്കപ്പെടാതെ പോകും. 3. ദേശീയപാർട്ടികൾക്കോ ഭരിക്കുന്ന പാർട്ടിക്കോ മാത്രമാണു നേട്ടമുണ്ടാകുക. ഇപ്പോൾ രാജ്യത്ത് ആറു ദേശീയപാർട്ടികളാണുള്ളത്. 57 സംസ്ഥാനപാർട്ടികളും അംഗീകാരം ലഭിക്കാത്ത 2597 പാർട്ടികളുമുണ്ട്. അവരുടെ സ്വരം ശ്രദ്ധിക്കപ്പെടാതെപോകാനുള്ള സാധ്യത കൂടുതലാണ്. 4. ഭരിക്കുന്ന പാർട്ടിക്ക് നേട്ടമുണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാവുകയില്ല. പാർലമെന്റിൽ ജയിക്കുന്ന പാർട്ടിക്ക് നിയമസഭ കിട്ടണമെന്നില്ല. തിരഞ്ഞെടുപ്പ് ഒരുമിച്ചാണെങ്കിൽ അതിന്റെ ആവേശത്തിൽ നിയമസഭാവിജയവും സാധ്യമാകുമെന്ന കണക്കുകൂട്ടലുണ്ട് 5. ഏകീകൃതതിരഞ്ഞെടുപ്പ് ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്കും സ്വഭാവത്തിനും എതിരാണ്. പാർലമെന്റിന്റെ സംസ്കാരമോ ഭാഷയോ അല്ല നിയമസഭകളിൽ. നിയമസഭകളെ പാർലമെന്റു വിഴുങ്ങാനുള്ള സാധ്യത പലരും തള്ളിക്കളയുന്നില്ല. ചുരുക്കത്തിൽ, ഏകീകൃതതിരഞ്ഞെടുപ്പ് എളുപ്പമാകുകയില്ല.

■

# രാജ്യനിയമത്തിനും മേലെയോ വഖഫ്?

*(1-ാം പേജ് തുടർച്ച)*

1995 ലെ വഖഫ്നിയമം ഭേദഗതി ചെയ്യുന്ന വഖഫ് ഭേദഗതിബിൽ - 2024 കഴിഞ്ഞ ഓഗസ്റ്റ് എട്ടിനാണ് ലോക്സഭയിൽ അവതരിപ്പിച്ചത്. 'യുണൈറ്റഡ് വഖഫ് മാനേജ്മെന്റ്, എംപവർമെന്റ്, എഫിഷ്യൻസി ആൻഡ് ഡെവലപ്മെന്റ് ആക്റ്റ്, 1995' എന്നാണ് വഖഫ് ഭേദഗതി ബില്ലിന് കേന്ദ്രസർക്കാർ നൽകിയ പേര്. മുസ്‌ലിം നിയമപ്രകാരം ഭക്തിപരമോ മതപരമോ ജീവകാരുണ്യമോ ആയ ആവശ്യങ്ങൾക്കായി സ്ഥാവരജംഗമസ്വത്തുക്കളുടെ ദാനമായാണു വഖഫിനെ നിയമം നിർവചിക്കുന്നത്. കേരളത്തിലടക്കം എല്ലാ സംസ്ഥാനങ്ങളിലും വഖഫ് ബോർഡുകളുണ്ട്. കേരള വഖഫ് ബോർഡിൽ അഡ്വ. എം. കെ. സക്കീർ ചെയർമാനും വി. എസ്. സക്കീർ ഹുസൈൻ സിഇഒയുമാണ്.

**സർക്കാർഭൂമി സർക്കാരിനുള്ളത്**

സർക്കാരിന്റെ ഏതെങ്കിലും സ്വത്ത് വഖഫിന്റേതായി വകയിരുത്തിയിട്ടുണ്ടെങ്കിൽ അതു മേലിൽ സർക്കാരിന്റേതുതന്നെയാകുമെന്നതാണു ഭേദഗതിബില്ലിലെ പ്രധാന വ്യവസ്ഥകളിലൊന്ന്. തർക്കമുണ്ടായാൽ ജില്ലാകളക്ടർ ഉടമസ്ഥാവകാശം നിർണയിക്കുകയും സംസ്ഥാനസർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും. വഖഫ് കൈവശപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും വസ്തുക്കൾ സർക്കാർവസ്തുവായി കണക്കാക്കിയാൽ റവന്യൂരേഖകൾ പുതുക്കും. ഏതെങ്കിലും പ്രദേശത്തെ സ്വത്ത് വഖഫ് ആണോ എന്നു നിർണയിക്കാനുള്ള അധികാരം നിലവിൽ വഖഫ് ബോർഡിനാണ്. പുതിയ ബില്ലിൽ ഈ വിവാദവ്യവസ്ഥ എടുത്തുകളയുന്നു.

വഖഫ് നിയമിക്കുന്ന കമ്മീഷണർ സർവേ നടത്തുന്നതിന് അധികാരം നൽകുന്നതിലും മാറ്റം വരും. പുതിയ ഭേദഗതി പാസായാൽ ജില്ലാകളക്ടർമാർക്കാണ് സർവേ നടത്താൻ അധികാരം. ബാക്കിയുള്ള സർവേകൾ അതതു സംസ്ഥാനത്തെ റവന്യൂനിയമങ്ങൾക്കനുസൃതമായി നടത്തണം. വഖഫ് ബോർഡിൽ എല്ലാവരും മുസ്‌ലിങ്ങൾ ആയിരിക്കണമെന്ന വ്യവസ്ഥയ്ക്കുപകരം രണ്ടംഗങ്ങൾ അമുസ്‌ലിങ്ങൾ ആയിരിക്കണമെന്നു പുതിയ ബിൽ വ്യവസ്ഥ ചെയ്യുന്നു. വഖഫ് ട്രൈബ്യൂണലുകളുടെ ഘടനയിലും ഭേദഗതിബില്ലിൽ മാറ്റമുണ്ട്.

രജിസ്ട്രേഷൻ, വഖഫ് അക്കൗണ്ടുകളുടെയും നടപടികളുടെയും പ്രസിദ്ധീകരണം എന്നിവയ്ക്കു നിയമങ്ങൾ ഉണ്ടാക്കാൻ ബിൽ കേന്ദ്രസർക്കാരിനെ അധികാരപ്പെടുത്തുന്നു. ഈ നിയമപ്രകാരം, വഖഫുകളുടെ കണക്കുകൾ ഏതു ഘട്ടത്തിലും സംസ്ഥാന സർക്കാരിന് ഓഡിറ്റ് ചെയ്യാം. സിഎജിയ്ക്കോ നിയുക്ത ഉദ്യോഗസ്ഥനോ ഇവ ഓഡിറ്റു ചെയ്യാനാകും. ഏതെങ്കിലും സംസ്ഥാനത്ത് വഖഫ് സ്വത്തുക്കളുടെയോ വരുമാനത്തിന്റെയോ പതിനഞ്ചു ശതമാനം ഷിയ വിഭാഗത്തിന്റേതാണെങ്കിൽ സുന്നി, ഷിയ വിഭാഗങ്ങൾക്കു പ്രത്യേക വഖഫ് ബോർഡുകൾ സ്ഥാപിക്കാം. അഘഖാനി, ബൊഹ്റ വിഭാഗങ്ങൾക്കും പ്രത്യേക വഖഫ് ബോർഡുകളും ബിൽ അനുവദിക്കുന്നു.

**പ്രധാനം രാജ്യനന്മ, പൊതുനന്മ**

രാജ്യത്തെ നിയമസംവിധാനത്തിനു ബദലായി മുസ്‌ലിങ്ങൾക്കായിമാത്രം വഖഫ് ബോർഡ് എന്ന വേറൊരു നിയമസംവിധാനം നിലനിൽക്കുന്നതു ഭരണഘടന ഉറപ്പു നൽകുന്ന തുല്യതയുടെ അടിസ്ഥാനതത്ത്വങ്ങൾക്കുപോലും ചേരാത്തതാണെന്ന് ബിജെപി പറയുന്നു. രാജ്യത്തെ കോടതികളിൽ ചോദ്യം ചെയ്യപ്പെടാനാകാത്തതാണ് വഖഫ് ബോർഡ് സംവിധാനം. മുസ്‌ലിംപ്രീണനത്തിന്റെ പേരിലാണു വഖഫ് ബോർഡ് സംവിധാനം ഇത്രകാലവും നിലനിന്നതെന്ന കേന്ദ്രസർക്കാരിന്റെ വാദം തീർത്തും തെറ്റാകില്ല. ക്രൈസ്തവമാനേജുമെന്റിനു കീഴിലുള്ള മൂവാറ്റുപുഴ നിർമലകോളജിലും പൈങ്ങോട്ടൂർ സെന്റ് ജോസഫ്സ് സ്കൂളിലും വഖഫ് സ്വത്തെന്നപോലെ ബലമായി നിസ്കാരം നടത്താൻ ശ്രമിച്ച സംഭവങ്ങൾ ന്യായമായ വഖഫ് നിയമഭേദഗതികളുടെ അനിവാര്യതയിലേക്കാണു വഴിതെളിക്കുന്നത്.

മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ പൊതുസ്വത്ത് ഏതെങ്കിലും വിഭാഗം കൈവശപ്പെടുത്തുന്നതിനെ ഭരണഘടനയിലും നിയമവ്യവസ്ഥയിലും വിശ്വാസമുള്ളവർക്ക് അനുകൂലിക്കാനാകില്ല. ഏതെങ്കിലും ഒരു സമുദായത്തിനുമാത്രമായി പ്രത്യേക നിയമങ്ങളും ആനുകൂല്യങ്ങളും നൽകുന്നതു വിഭാഗീയതയും വർഗീയതയും വളർത്താനേ ഉപകരിക്കൂ. രാജ്യനന്മയ്ക്കും പൊതുനന്മയ്ക്കും സഹായിക്കുമെങ്കിൽ പഴയ വഖഫ് നിയമത്തിലെ ചില ഏകപക്ഷീയവ്യവസ്ഥകളിലെ മാറ്റത്തിന് മുസ്‌ലിങ്ങൾതന്നെ മുൻകൈയെടുക്കട്ടെ.

■

നോവൽ 14

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും സിസിലി താമസിക്കുന്ന കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലെത്തി. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടു പോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടിന്തിയാണ് എൽസ നടന്നിരുന്നത്. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി. എൽസയുടെ സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. എൽസയുടെ ക്ഷണം സ്വീകരിച്ച് ഡോക്ടർ മനു ഒരു ദിവസം എൽസയുടെ വീടു സന്ദർശിച്ചു. ഇതിനിടെ ജയേഷിന്റെ ഭാര്യ വർഷ ഗർഭിണിയായി. ജയേഷും അമ്മയും ഒരുപാടു സന്തോഷിച്ചെങ്കിലും ഉടനെ ഒരു കുഞ്ഞുവേണ്ടെന്നായിരുന്നു വർഷയുടെ മനസ്സിൽ. ഭർത്താവ് അറിയാതെ ഗർഭച്ഛിദ്രം നടത്താൻ പദ്ധതി തയ്യാറാക്കി വർഷയും അമ്മയും. (തുടർന്നു വായിക്കുക)

എലിസബത്തു ഡോക്ടറുടെ ക്ലിനിക്കിലെ ഗൈനക്കോളജിസ്റ്റ് ഡോ. സുപ്രിയ മോഹൻ വർഷയെ വിശദമായി പരിശോധിച്ചു. പരിശോധന കഴിഞ്ഞ് സീറ്റിൽവന്നിരുന്ന് ഡോക്ടർ വർഷയോട് അഭിമുഖമായി ഇരിക്കാൻ കൈകൊണ്ട് ആംഗ്യം കാട്ടി. ഡോക്ടറുടെ മുമ്പിലിരിക്കുമ്പോൾ വർഷയുടെ മനസ്സിൽ പഞ്ഞിവച്ചാൽ കത്തുന്ന തീയായിരുന്നു. തെല്ലുനേരം വർഷയുടെ മുഖത്തേക്കുതന്നെ സൂക്ഷിച്ചുനോക്കിയിരുന്നു ഡോക്ടർ. വർഷയുടെ ശ്വാസഗതി വർധിച്ചു.

“ഈ കുഞ്ഞിനെ വേണ്ടാന്നുള്ള തീരുമാനം നന്നായി ആലോചിച്ചെടുത്തതാണോ?”

“അതെ.”

‘‘ആദ്യത്തെ കുഞ്ഞല്ലേ, അതിനെ വേണ്ടെന്നു വയ്ക്കാൻ എന്താ കാരണം?”

“കല്യാണം കഴിഞ്ഞ് ആറു മാസംപോലുമായില്ല. ഒന്നുരണ്ടു വർഷം കഴിഞ്ഞുമതി കുഞ്ഞെന്നായിരുന്നു ഞങ്ങളുടെ പ്ലാൻ. അതിനുള്ള പ്രിക്കോഷൻസും എടുത്തതാ. പക്ഷേ, എവിടെയോ പാളിച്ചപറ്റി. പ്രതീക്ഷിക്കാതെ വന്ന കുഞ്ഞാ ഇത്. വൈകാതെ എനിക്കൊരു പ്രമോഷൻ കിട്ടും. പക്ഷേ, മെറ്റേണറ്റി ലീവെടുത്താൽ അതു നഷ്ടമാകും.”

“കുഞ്ഞുങ്ങൾ ദൈവത്തിന്റെ വരദാനമല്ലേ മോളേ! ദൈവം തരുന്ന സമയത്ത് അതിനെ സ്വീകരിക്കണ്ടേ? ഇപ്പ വേണ്ട പിന്നെ മതീന്നു പറയുന്നത് ദൈവനിഷേധമല്ലേ? പിന്നീട് ദൈവം ഒരു കുഞ്ഞിനെ തന്നില്ലെങ്കിലോ?”

“തന്നില്ലെങ്കിൽ വേണ്ടെന്നു വയ്ക്കും.” തെല്ലു നീരസത്തോടെ വർഷ പറഞ്ഞു.

“വർഷയ്ക്കറിയുവോ എത്രയോ ദമ്പതികളാണ് ഒരു കുഞ്ഞിനുവേണ്ടി കരഞ്ഞുകൊണ്ട് എന്റെ മുമ്പിൽ വരുന്നതെന്ന്. എത്രപേരുടെ കണ്ണീര് ഓരോ ദിവസവും ഞാൻ കാണുന്നുണ്ടെന്നറിയാമോ! കുഞ്ഞിനെ സൃഷ്ടിച്ചുകൊടുക്കാൻ എനിക്കാവില്ലല്ലോ. അത് ദൈവത്തിന്റെ ജോലിയല്ലേ.”

“ഡോക്ടർ എന്താ പറഞ്ഞുവരുന്നത്?”

‘‘ഇതിപ്പോ വഴി തെറ്റി ഉണ്ടായ ഒരു കുഞ്ഞല്ലല്ലോ. കല്യാണം കഴിഞ്ഞു രണ്ടുമൂന്നു മാസമാകുകയും ചെയ്തു. ഹസ്ബന്റിനും എതിർപ്പില്ല. പിന്നെന്തിനാ ഇതിനെ കൊന്നുകളയുന്നേ?”

“ഡോക്ടർക്കു പറ്റില്ലെങ്കിൽ അതു പറ. ഞാൻ വേറേ വഴി നോക്കിക്കോളാം.”




വർഷയ്ക്കു ദേഷ്യം വന്നു.

“ഡോക്ടർ എലിസബത്ത് പറഞ്ഞതുകൊണ്ടുമാത്രമാ ഞാനിതു ചെയ്യാന്നു സമ്മതിച്ചത്. അവരുടെ ആശുപത്രീൽ ജോലി ചെയ്യുമ്പം അവരു പറയുന്നത് കേൾക്കാതിരിക്കാൻ പറ്റില്ലല്ലോ. അബോർഷനായിപ്പോയീന്നു റിപ്പോർട്ടും തരാം. പക്ഷേ, കുറ്റബോധത്തോടെയാ ഞാനിതൊക്കെ ചെയ്യുന്നത്. വർഷ ചെറുപ്പമായതുകൊണ്ട് ഒരു അമ്മയുടെ സ്ഥാനത്തുനിന്ന് കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ ഞാനൊന്നു ശ്രമിച്ചെന്നേയുള്ളൂ.”

“എന്റെ അമ്മയ്ക്കില്ലാത്ത വിഷമം ഡോക്ടർക്കെന്തിനാ? അമ്മ എന്നെ സപ്പോർട്ട് ചെയ്തിട്ടേയുള്ളൂ.”

“അതെന്നെ അദ്ഭുതപ്പെടുത്തിയിരുന്നു. ഒരമ്മയ്ക്ക് എങ്ങനെ അതിനു കഴിഞ്ഞൂന്ന് ഞാൻ അദ്ഭുതപ്പെട്ടുപോയി. ഞാൻ അമ്മയോട് ഇക്കാര്യങ്ങളൊക്കെ പറഞ്ഞതാ. പക്ഷേ, വർഷയുടെ ഇഷ്ടത്തിന് എതിരായി അവർക്കൊരു ഇഷ്ടമില്ല. അതുകൊണ്ട് ഞാനൊന്നുപദേശിച്ചു എന്നുമാത്രമേയുള്ളൂ. ഇനി വർഷയ്ക്ക് തീരുമാനിക്കാം എന്തു വേണമെന്ന്.”

“എന്റെ തീരുമാനത്തിനു മാറ്റമില്ല ഡോക്ടർ.”

“ഓക്കെ. ഞാൻ നിർബന്ധിക്കുന്നില്ല.’’ കലണ്ടറിലേക്കു നോക്കിയിട്ട് തിരിഞ്ഞ് വർഷയെ നോക്കി ഡോക്ടർ തുടർന്നു:

“തിങ്കളാഴ്ച വന്ന് അഡ്മിറ്റായിക്കൊള്ളൂ. ചൊവ്വാഴ്ച സർജറി നടത്തീട്ട് പറ്റുമെങ്കിൽ അന്നു തന്നെ വിടാം. അല്ലെങ്കിൽ പിറ്റേന്ന്. അബോർഷനായീന്നുള്ള റിപ്പോർട്ടും തന്നേക്കാം. പക്ഷേ, ഞാനിത് സന്തോഷത്തോടെയല്ല ചെയ്യുന്നതു കേട്ടോ. ഡോക്ടർ എലിസബത്ത് നിർബന്ധിച്ചതുകൊണ്ടുമാത്രം.”

ഡോക്ടർ സുപ്രിയ മോഹൻ ചാർട്ടിൽ എന്തോ കുറിച്ചിട്ട് വർഷയോടു പൊയ്ക്കൊള്ളാൻ പറഞ്ഞു. വർഷ എണീറ്റു പുറത്തേക്കിറങ്ങി. വെളിയിൽ ഷൈനി കാത്തുനിൽപ്പുണ്ടായിരുന്നു.

‘‘എന്തു പറഞ്ഞു?’’ അമ്മ ആകാംക്ഷയോടെ തിരക്കി.

“തിങ്കളാഴ്ച അഡ്മിറ്റാകാൻ. എന്നെ കുറെ ഉപദേശിച്ചു. എന്റെ കാര്യത്തിൽ എന്നേക്കാൾ വിഷമമാ ആ സ്ത്രീക്ക്. ഇനി കുഞ്ഞുണ്ടായില്ലെങ്കിലോന്ന്! അവരല്ലേ കുഞ്ഞുണ്ടാക്കിക്കൊടുക്കുന്നത്! സന്തോഷത്തോടെയല്ല ചെയ്യുന്നതെന്നു പറഞ്ഞാ ഇറക്കിവിട്ടത്! വൃത്തികെട്ട സ്ത്രീ.”

“എന്നേം കുറെ ഉപദേശിച്ചതാ.”

“ഈ ആശുപത്രീലേക്കു വരണ്ടായിരുന്നു.”

അമ്മയെ കൂട്ടിക്കൊണ്ട് അവൾ വെളിയിലേക്കു നടന്നു.

വീട്ടിലേക്കുള്ള യാത്രയിൽ കാറിൽ ഇരിക്കുമ്പോൾ വർഷ അമ്മയോടു പറഞ്ഞു:

“ആ ഡോക്ടറെ വിശ്വസിക്കാൻ കൊള്ളില്ല. ഇനിയെങ്ങാനും അവരിതു വല്ലോരോടും പറയുമോ അമ്മേ?”

“ഏയ്... അബോർഷനായീന്ന് റിപ്പോർട്ട് തരുന്നത് ഈ ഡോക്ടറല്ലേ; ഒന്നും പറയില്ല. എലിസബത്തു ഡോക്ടർ അതു പ്രത്യേകം അവരോടു പറഞ്ഞോളും. ഞാനതു പറഞ്ഞിട്ടുണ്ട്.”

ഷൈനി മകളെ ആശ്വസിപ്പിച്ചു.

രാത്രി അത്താഴം കഴിഞ്ഞ് സംസാരിക്കുന്നതിനിടയിൽ വർഷയുടെ പപ്പ അലക്സ് ഭാര്യയോടു പറഞ്ഞു.

“നമ്മുടെ കൊച്ചിന് ചേരുന്ന ഒരു പയ്യനല്ല അവൻ. ഇവളാണെങ്കിൽ അടിച്ചുപൊളിച്ചു ജീവിക്കണമെന്നാഗ്രഹിക്കുന്ന ഒരു പെണ്ണ്. അവനോ, ഏതോ കാട്ടീന്ന് ഇറങ്ങിവന്നപോലൊരു ചെക്കൻ. ചിലപ്പഴത്തെ അവന്റെ സംസാരം കേൾക്കുമ്പം കൈ നിവർത്തി കരണത്ത് ഒന്നു കൊടുക്കണമെന്ന് എനിക്കു തോന്നിയിട്ടുണ്ട്. കൺട്രിഫെല്ലോ.”

“ഹൈറേഞ്ചിലെ ഒരു കുഗ്രാമത്തിൽ താമസിക്കുന്ന ഒരു ചട്ടുകാലിപ്പെണ്ണുമായിട്ടാ പപ്പാ അവന്റെ കമ്പനി. പണ്ട് അയൽപക്കമായിരുന്നുവത്രേ. എന്നെ അറിയിക്കാതെ എന്തുമാത്രം കാശ് അവൾക്കു കൊടുത്തിട്ടുണ്ടെന്നറിയാമോ. ഒരുദിവസം ഞാൻ വിളിച്ച് രണ്ടു വർത്താനം പറഞ്ഞു അവളോട്. പിന്നെ വിളിച്ചിട്ടില്ല അവള്.” വർഷ പറഞ്ഞു.

“നീ അറിയാതെ വിളിക്കുന്നുണ്ടാകും. എന്തായാലും നീ ഒന്നു ശ്രദ്ധിച്ചോണം. പൂച്ചപോലെ ഇരിക്കുന്നോരാ ഏറ്റവും വലിയ കള്ളന്മാര്.” അലക്സ് മുന്നറിയിപ്പു നൽകി.

‘‘അബോർഷൻ നടത്തുന്നതൊക്കെ വല്യ പാപമാന്നാ ആ മനുഷ്യന്റെ വിചാരം. പ്രാർഥന കഴിഞ്ഞിട്ടൊരു നേരമില്ല. വല്ല അച്ചനാകാനും പോകേണ്ട സാധനമായിരുന്നു. അത് എന്റെ തലേൽ വന്നുകേറി.”

വർഷയ്ക്കു രോഷവും സങ്കടവും വന്നു.

“ങ്ഹ പോട്ടെ മോളേ. കുറച്ചൊക്കെ അഡ്ജസ്റ്റ് ചെയ്തു പോകാൻ നോക്കുക. അല്ലാതിപ്പം എന്താ ചെയ്യാ? തലേൽ കേറി പോയില്ലേ. എന്റെ മോൾടെ ഭാഗ്യദോഷം.” ഷൈനി മകളെ സമാധാനിപ്പിക്കാൻ നോക്കി.

“അഡ്ജസ്റ്റ് ചെയ്യാൻ പരമാവധി ഞാൻ നോക്കുന്നുണ്ട് അമ്മേ. ഒത്തുപോകാൻ പറ്റില്ലെന്ന ഒരു സാഹചര്യം വന്നാൽ ഞാൻ ചില തീരുമാനങ്ങളെടുക്കും.”

“ഞങ്ങളോട് ആലോചിക്കാതെ ഒന്നും ചെയ്യരുത് കേട്ടോ.” അലക്സ് മുന്നറിയിപ്പു നൽകി.

വർഷ എണീറ്റ് തന്റെ മുറിയിലേക്കു പോയി. കിടക്കയിലേക്കു ചായുമ്പോൾ ജയേഷിന്റെ ഫോൺ:

“ഉറങ്ങിയോ?”

“ഇല്ല.”

“എന്തേ വിളിക്കാതിരുന്നത്?”

“വിളിക്കാൻ തുടങ്ങ്വായിരുന്നു അപ്പഴാ ജയേഷിന്റെ കോൾ.”

“ഒരു കുഞ്ഞു വരാൻ പോകുന്നൂന്നു കേട്ടപ്പം പപ്പയും അമ്മയുമൊക്കെ എന്തു പറഞ്ഞു.”

‘‘എല്ലാവർക്കും ഒരുപാടു സന്തോഷമായി. അമ്മ ഇന്ന് പായസം ഉണ്ടാക്കിത്തന്ന് ആ സന്തോഷം പങ്കുവച്ചു. ജയേഷും കൂടി ഉണ്ടായിരുന്നെങ്കിൽ എന്നു ഞാനോർത്തു.’’ വർഷ ഒരു കള്ളം പറഞ്ഞു.

“എങ്കിൽ ഞാൻ ലീവെടുത്ത് നാളെയങ്ങു വരട്ടേ?”

“ഓ വേണ്ട. വെറുതെ ലീവ് കളയുന്നതെന്തിനാ! ജയേഷിനുള്ള പായസം അമ്മയെക്കൊണ്ട് ഒണ്ടാക്കിച്ചിട്ട് ഞാൻ വരുമ്പം അങ്ങു കൊണ്ടുവന്നേക്കാം.”

“സന്തോഷം! ങ്ഹ... അമ്മ ഇവിടെ എല്ലാരേം വിളിച്ചു സന്തോഷവാർത്ത പറഞ്ഞു ട്ടോ. ഇനി അറിയാത്തോരായിട്ട് സ്വന്തക്കാര് ആരുമില്ല. അയൽപക്കത്തുള്ളവരും അറിഞ്ഞു.”

“ഇവിടെ അമ്മേടെ ജോലീം അതായിരുന്നു. രണ്ടു ദിവസമായിട്ട് ഫോണിലായിരുന്നു അമ്മ. എനിക്കുള്ളതിനേക്കാൾ സന്തോഷം അമ്മയ്ക്കും പപ്പയ്ക്കുമാ.”


“എല്ലാ മാതാപിതാക്കൾക്കും അങ്ങനാ. വീട്ടിലേക്ക് ഒരു കുഞ്ഞുവരികാന്നു പറഞ്ഞാൽ അവർക്കു വലിയ സന്തോഷമാ. ലാളിക്കാനും കൊഞ്ചിക്കാനും ഒരാളെ കിട്ടുവല്ലോ. വയസാംകാലത്ത് അവർക്കതല്ലേ ഒരാനന്ദം.”

“അബോർഷൻ നടത്തിയാലോ എന്നു ചിന്തിച്ചുപോയതിൽ എനിക്കിപ്പം ഒരുപാട് കുറ്റബോധം തോന്നുന്നു ജയേഷ്. മനസ്സിലതൊരു വേദനയായി ഇപ്പം കിടക്കാ.”

അതോർത്തു വിഷമിക്കണ്ട. പെട്ടെന്ന് അങ്ങനെയൊരു തോന്നൽ മനസ്സിൽ വന്നൂന്ന് അല്ലേയുള്ളൂ. തീരുമാനമൊന്നും എടുത്തില്ലല്ലോ! അങ്ങനെ വിഷമിച്ചിരുന്നാൽ കുഞ്ഞിന്റെ ബുദ്ധിയെ അതു ബാധിക്കും. എപ്പഴും സന്തോഷമായിട്ടിരിക്കണംട്ടോ.”

“ഉം. എന്നോട് ദേഷ്യമൊന്നുമില്ലല്ലോ അല്ലേ?”

*ശേഷം 12-ാം പേജിൽ*




ഒക്ടോബർ 6
ഏലിയാ – സ്ലീവ – മൂശക്കാലം
ഏഴാം ഞായർ
(സ്ലീവാ നാലാം ഞായർ)

പുറ 33:12 – 17
ജറെ 20:7 – 13
2 കോറി 1:3 – 7
മത്താ 11:25 – 30

# ശാന്തശീലനും വിനീതഹൃദയനും



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**ഏ**ലിയാ - സ്ലീവാ - മൂശക്കാലങ്ങളിലെ ഏഴാം ഞായർ, അതായത്, സ്ലീവാക്കാലം നാലാം ഞായറാഴ്ച ധ്യാനവിഷയമാക്കുന്ന തിരുവചനഭാഗങ്ങളെല്ലാം ക്ലേശങ്ങളിലും സഹനങ്ങളിലും ആശ്വാസമേകി കൂടെയായിരിക്കുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചാണ്. യുഗാന്ത്യോന്മുഖമായ യാത്രയാണു മനുഷ്യജീവിതം. ആ യാത്രയിൽ ക്ലേശങ്ങളും സഹനങ്ങളുമുണ്ട്; ആകുലതകളും അസ്വസ്ഥതകളുമുണ്ടാകും. എന്നാൽ, ദൈവസാന്നിധ്യബോധത്തിൽ മുന്നോട്ടുനീങ്ങണമെന്നും ശാന്തതയുടെയും പ്രത്യാശയുടെയുമായ മാർഗത്തിൽ മുന്നേറണമെന്നും തിരുവചനം ഓർമിപ്പിക്കുന്നു.

പുറപ്പാടുപുസ്തകത്തിൽനിന്നുള്ള ഒന്നാം പ്രഘോഷണത്തിൽ വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയിൽ മൂശയുടെ കൂടെയായിരിക്കുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചാണു പറയുന്നത്. വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയിൽ മൂശയ്ക്കും ഇസ്രയേൽജനത്തിനും കഷ്ടതകളും ആകുലതകളുമൊക്കെയുണ്ടായിരുന്നു. ആ യാത്രയിൽ മൂശ ദൈവത്തെ അറിഞ്ഞിരുന്നു. ഇന്നു വായിക്കുന്ന വചനഭാഗത്തിനു തൊട്ടുമുമ്പിലുള്ള വചനം പറയുന്നത് ഒരുവൻ തന്റെ സുഹൃത്തിനോട് എന്നവിധം കർത്താവ് മൂശയോടു മുഖാമുഖം സംസാരിച്ചിരുന്നു എന്നാണ് (33:11). മൂശ കർത്താവിനോടു ചോദിക്കുന്നു: അങ്ങ് ഈ ജനത്തെ നയിക്കുക എന്ന് ആവശ്യപ്പെടുന്നു; ആരെയാണ് എന്റെ കൂടെ അയയ്ക്കുക? മൂശ പറഞ്ഞു: അങ്ങു കൂടെ വരുന്നില്ലെങ്കിൽ ഞങ്ങളെ പറഞ്ഞയയ്ക്കരുതേ. കർത്താവ് പറഞ്ഞു: ഞാൻതന്നെ നിന്റെ കൂടെ വരുകയും നിനക്ക് ആശ്വാസം നല്കുകയും ചെയ്യും. കൂടെയായിരുന്നുകൊണ്ട് ആശ്വാസം നല്കുന്ന ദൈവസാന്നിധ്യമാണ് മൂശയ്ക്കു യാത്ര മുന്നോട്ടുനയിക്കുന്നതിനു കരുത്തുനല്കുന്നത്.

ജറെമിയാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ പ്രഘോഷണത്തിൽ പരാതിയോടെയുള്ള ജറെമിയായുടെ വാക്കുകളാണു ശ്രവിക്കുന്നത്. കർത്താവിന്റെ വചനം പ്രസംഗിച്ച് ഇറങ്ങിപ്പുറപ്പെട്ട ജറെമിയായ്ക്കു സഹനവും പരിഹാസവുമായിരുന്നു നേരിടേണ്ടിവന്നത്. കർത്താവിന്റെ വചനം നിന്ദനത്തിനു ഹേതുവായിരിക്കുന്നുവെന്ന് പ്രവാചകൻ വിലപിക്കുന്നു. തന്റെ പതനം കാത്തിരിക്കുന്നവർ ചുറ്റും ഭീകരത സൃഷ്ടിക്കുന്നു. അവർ പറയുന്നു, നമുക്കവനെ തോല്പിക്കാം. എന്നാൽ, പ്രവാചകന്റെ ശക്തി വീരയോദ്ധാവിനെപ്പോലെ കർത്താവ് തന്റെകൂടെയുണ്ട് എന്നതാണ്. അതിനാൽ, തന്നെ പീഡിപ്പിക്കുന്നവർക്കു കാലിടറും; അവർ വിജയിക്കുകയില്ല. ജീവിതയാത്രയിൽ സഹനങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ ഒരു ധീരയോദ്ധാവിനെപ്പോലെ കൂടെയുള്ള കർത്താവിനെ തിരിച്ചറിയാനാണ് തിരുവചനം പറയുന്നത്.

കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ പൗലോസ്ശ്ലീഹാ സകല സമാശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും ദൈവം എന്നാണ് ഈശോമിശിഹായുടെ പിതാവായ ദൈവത്തെ വിളിച്ചിരിക്കുന്നത്. സഹനത്തിലും സമാശ്വാസത്തിലും പങ്കാളിയാകുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചാണ് ശ്ലീഹാ പറയുന്നത്. നാം ദൈവത്താൽ സമാശ്വസിപ്പിക്കപ്പെടുന്നത് സഹനമനുഭവിക്കുന്നവർക്കു നാം സമാശ്വാസമാകുന്നതിനു വേണ്ടിയാണ്. മിശിഹായുടെ സഹനത്തിൽ പങ്കാളിയാകുന്നതുപോലെ മിശിഹാവഴി തങ്ങളുടെ സമാശ്വാസവും സമൃദ്ധമാകുന്നുവെന്നാണ് ശ്ലീഹാ പറയുന്നത്.



അധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും തന്റെ പക്കലേക്കു വിളിക്കുകയും അവർക്കു വിശ്രമം നല്കുമെന്ന് ഉറപ്പുനല്കി ക്ലേശിതരുടെയും പീഡിതരുടെയും കൂടെയായിരിക്കുകയും ചെയ്യുന്ന മിശിഹായെയാണ് സുവിശേഷത്തിൽ നാം കാണുന്നത്. വിശ്രമിക്കുക എന്നാൽ ദൈവത്തോടുകൂടെയായിരിക്കുക എന്നാണ് അർഥം. എപ്രകാരമാണ് ആ വിശ്രമം കണ്ടെത്തേണ്ടത് എന്നും ഈശോ പറയുന്നു. തന്നിൽനിന്നു പഠിക്കാനാണ് അവിടുന്ന് ആവശ്യപ്പെടുന്നത്. താൻ ശാന്തശീലനും വിനീതഹൃദയനുമാണ്; നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ. എന്റെ നുകം മൃദുവും ഭാരം ലഘുവുമാണ്. കർത്താവിന്റെ നുകം എന്താണ് എന്ന് പ്രഭാഷകന്റെ പുസ്തകം 51:26 പറയുന്നുണ്ട്; കർത്താവിന്റെ പ്രബോധനമാണ് അവിടുത്തെ നുകം. അവിടുത്തെ പ്രബോധനം എളിമയോടെ സ്വീകരിക്കുന്നവർക്ക് അവിടുത്തോടുകൂടെ വിശ്രമത്തിലേക്കു പ്രവേശിക്കാം. അവിടുത്തെ പ്രബോധനം ബുദ്ധിമാന്മാരിൽനിന്നും വിവേകികളിൽനിന്നും മറച്ചുവച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയെന്ന് ഈശോ പറയുന്നു. കർത്താവിനെ സ്വീകരിക്കാത്തവരാണ്; അവിടുത്തെ പ്രബോധനം തിരസ്കരിച്ചവരാണ്; സ്വയം ബുദ്ധിമാന്മാരെന്നും വിവേകികളെന്നും വിചാരിക്കുന്ന ഇക്കൂട്ടർ. എന്നാൽ, ശിശുക്കൾ എന്നു പറയുന്നതിലൂടെ ഉദ്ദേശിക്കുന്നത് കർത്താവിന്റെ വചനത്തിനു ചെവികൊടുക്കുന്നവരാണ്; എളിമയോടെ കർത്താവിന്റെ പ്രബോധനം സ്വീകരിക്കുന്നവരാണ്. ഭൗതികജ്ഞാനത്തിന്റെ കണ്ണുകളിലൂടെമാത്രം വചനത്തെ അന്വേഷിക്കുന്ന മനുഷ്യർക്ക് ദൈവികരഹസ്യങ്ങൾ ഗ്രഹിക്കാൻ കഴിയുകയില്ല. നിയമജ്ഞരും ഫരിസേയരും കർത്താവിന്റെ ശാസന എറ്റുവാങ്ങുന്നത് അവർ നിയമം വ്യാഖ്യാനിച്ച് അതിനെ ഭാരമുള്ളതാക്കി മാറ്റുകയും; എന്നാൽ, അത് പാലിക്കുന്നതിനു ചെറുവിരൽകൊണ്ടു സഹായിക്കാതിരിക്കുകയും ചെയ്യുന്നതിനാലാണ്. എന്നാൽ, മിശിഹാ നിയമത്തെ സ്നേഹത്തിന്റെ നിയമമമായി വ്യാഖ്യാനിക്കുകയും ശത്രുവിനെപ്പോലും സ്നേഹിച്ചുകൊണ്ട് സ്നേഹത്തിന്റെ നിയമം പൂർത്തിയാക്കുകയും ചെയ്തു. അവിടുന്ന് നിയമം വ്യാഖ്യാനിച്ചപ്പോൾ അത് മധുരിതമായി, എല്ലാവരെയും ചേർത്തുനിർത്തുന്നതായി മാറി. തന്നിൽനിന്നു പാഠം പഠിക്കാനാണ് മിശിഹാ ആവശ്യപ്പെടുന്നത്.

വിശുദ്ധ അഗസ്റ്റിൻ ഈ വചനഭാഗത്തെ വ്യാഖ്യാനിച്ചുകൊണ്ടു പഠിപ്പിക്കുന്നു: ലോകത്തെക്കുറിച്ചു പഠിക്കാനോ അദ്ഭുതങ്ങൾ ചെയ്യാനോ മരിച്ചവരെ ഉയിർപ്പിക്കാനോ അല്ല നാം മിശിഹായിൽനിന്നു പഠിക്കേണ്ടത്; മറിച്ച്, എളിമയും ശാന്തതയുമാണ്. വലിയ കെട്ടിടം പണിയണമെങ്കിൽ ആഴമായ അടിത്തറ വേണം. അതാണ് എളിമ. കെട്ടിടത്തിന്റെ ഉയരം വർധിക്കുന്നതനുസരിച്ച് അടിത്തറയുടെ ആഴവും വർധിക്കണം. എളിമകൂടാതെ ഉയർച്ചയില്ല. സ്വയം ശൂന്യമാക്കിക്കൊണ്ട് ദൈവികരഹസ്യം പൂർണമായും വെളിപ്പെടുത്തിയ മിശിഹാ ഒരു ശിശുവായാണ് ഭൂമിയിൽ അവതരിച്ചത്.

കർത്താവ് നല്കുന്ന വിശ്രമമാണ് എലിയാ-സ്ലീവാ-മൂശക്കാലത്തെ പ്രധാന വിചിന്തനവിഷയം. സുവിശേഷത്തിലൂടെ ഈശോ ഇന്ന് വിളിക്കുന്നതും ആ വിശ്രമത്തിലേക്കാണ്. കർത്താവിന്റെ പ്രബോധനങ്ങളെ സ്വീകരിച്ച് അവിടുന്നിൽനിന്നു പാഠം പഠിച്ച് നിത്യസൗഭാഗ്യത്തെ നോക്കിപ്പാർത്തിരിക്കാൻ, ക്ലേശങ്ങളും പീഡനങ്ങളും ഉണ്ടാകുമ്പോൾ നിരാശരാകാതെ പ്രത്യാശയിൽ വ്യാപരിച്ച് ഈ ആരാധനക്രമകാലത്തിന്റെ ചൈതന്യം ജീവിക്കാൻ തിരുവചനം നമ്മെ വിളിക്കുന്നു. ■

> **ലോകത്തെക്കുറിച്ചു പഠിക്കാനോ അദ്ഭുതങ്ങൾ ചെയ്യാനോ മരിച്ചവരെ ഉയിർപ്പിക്കാനോ അല്ല നാം മിശിഹായിൽനിന്നു പഠിക്കേണ്ടത്; മറിച്ച്, എളിമയും ശാന്തതയുമാണ്. വലിയ കെട്ടിടം പണിയണമെങ്കിൽ ആഴമായ അടിത്തറ വേണം. കെട്ടിടത്തിന്റെ ഉയരം വർധിക്കുന്നതനുസരിച്ച് അടിത്തറയുടെ ആഴവും വർധിക്കണം. എളിമകൂടാതെ ഉയർച്ചയില്ല.**



# ചെസ് ഒളിംപ്യാഡിൽ ഇന്ത്യയ്ക്ക് ഇരട്ടസ്വർണം

**സനിൽ പി. തോമസ്**



ആർ. പ്രഗ്നാനന്ദൻ



ഡി. ഗുകേഷ്

**ലോ**കചാംപ്യൻഷിപ്പ് കഴിഞ്ഞാൽ ചെസ്‌ലോകം ഏറ്റവും പ്രാധാന്യം കല്പിക്കുന്നത് ചെസ് ഒളിംപ്യാഡിനാണ്. ബുഡാപെസ്റ്റിൽ നടന്ന നാല്പത്തഞ്ചാം ചെസ് ഒളിംപ്യാഡിൽ ഇന്ത്യ ചരിത്രത്തിലാദ്യമായി സ്വർണം നേടിയിരിക്കുകയാണ്; അതാകട്ടെ, ഇരട്ടസ്വർണം. ഓപ്പൺവിഭാഗത്തിലും വനിതാവിഭാഗത്തിലും ഇന്ത്യൻടീമുകൾ സ്വർണം നേടി. 2014 ൽ ഓപ്പൺവിഭാഗത്തിൽ കിട്ടിയ വെങ്കലവും 2022 ൽ ചെന്നൈയിൽ ഓപ്പൺ, വനിതാവിഭാഗങ്ങളിൽ ലഭിച്ച വെങ്കലവുമാണ് ഇതിനുമുമ്പ് ചെസ് ഒളിംപ്യാഡിലെ ഇന്ത്യയുടെ മികച്ച പ്രകടനം.

വിശ്വനാഥൻ ആനന്ദ് 2000 ത്തിൽ ഫിഡെ ലോകചാംപ്യനായി. തുടർന്ന്, 2007 ലും 2008 ലും 2010 ലും 12 ലുമായി, ആകെ അഞ്ചുതവണ ആനന്ദ് വിശ്വനാഥനായി. റഷ്യയും അമേരിക്കയുമൊക്കെ കുത്തകയാക്കിയിരുന്ന ചെസ് ലോകത്ത് ഇന്ത്യൻതാരങ്ങൾ വൻകുതിപ്പാണു നടത്തുന്നത്. ഒരുപറ്റം യുവതാരങ്ങൾ ചതുരംഗക്കളത്തിലെ കരുനീക്കങ്ങളിലൂടെ ഇന്ത്യയെ ലോകത്തിന്റെ നെറുകയിൽ എത്തിച്ചിരിക്കുന്നു. ഇനി ലോകചാംപ്യൻഷിപ്പിൽ, നിലവിലെ ചാംപ്യൻ, ചൈനയുടെ ഡിങ് ലിറനെ എതിരിടുന്നത് നമ്മുടെ ഡി. ഗുകേഷും. കാൻഡിഡേറ്റ്സ് ചെസ് ജയിച്ച ഏറ്റവും പ്രായംകുറഞ്ഞ താരമാണ് പതിനേഴുകാരൻ ഗുകേഷ്. കാൻഡിഡേറ്റ്സ് ചെസിലാകട്ടെ അഞ്ച് ഇന്ത്യൻതാരങ്ങളാണു മത്സരിച്ചത്. ഒരു രാജ്യത്തെ പ്രതിനിധാനം ചെയ്ത് ഇത്രയുംപേർ ലോകചാംപ്യന്റെ ചാലഞ്ചർ ആകാൻ മത്സരിച്ചത് ആദ്യം.

ബുഡാപെസ്റ്റിലെ ചെസ് ഒളിംപ്യാഡിലാകട്ടെ, ഡി. ഗുകേഷ്, അർജുൻ എറിഗൈസി, ദിവ്യ ദേശ്മുഖ്, വന്ദിക അഗർവാൾ എന്നിവർ അതതു ബോർഡുകളിൽ ഒന്നാം സ്ഥാനത്തെത്തി വ്യക്തിഗതസ്വർണം കരസ്ഥമാക്കി. ഓപ്പൺ വിഭാഗത്തിൽ ഡി. ഗുകേഷ്, ആർ. പ്രഗ്നാനന്ദൻ, അർജുൻ എറിഗൈസി, വിദിത് ഗുജറാത്തി, പി. ഹരികൃഷ്ണ എന്നിവരാണു മത്സരിച്ചത്. വനിതാവിഭാഗത്തിൽ ഡി. ഹരിക, ദിവ്യ ദേശ്മുഖ്, വന്ദിക അഗർവാൾ, ആർ. വൈശാലി, ടാനിയ സച്ച്ദേവ് എന്നിവരും മത്സരിച്ചു.

ഓപ്പൺ വിഭാഗത്തിൽ 186 രാജ്യങ്ങളും വനിതാവിഭാഗത്തിൽ 167 രാജ്യങ്ങളുമാണു പങ്കെടുത്തത്. ഓപ്പൺവിഭാഗത്തിൽ 11 ഗെയിമുകളിൽ പത്തിലും ഇന്ത്യ ജയിച്ചു. ഉസ്ബക്കിസ്ഥാനുമായിമാത്രം സമനില. 22 ൽ 21 പോയിന്റ് നേടിയാണ് സ്വർണം കരസ്ഥമാക്കിയത്. അവസാനമത്സരത്തിൽ സ്ലോവേനിയായെ പരാജയപ്പെടുത്തി (3.5–0.5) യു.എസ്. ആണ് രണ്ടാംസ്ഥാനത്ത്.

വനിതാവിഭാഗത്തിൽ അവസാനറൗണ്ടിൽ ഇന്ത്യ അസർബെയ്ജാനെ തോല്പിച്ചു (3.5 –0.5). ഇന്ത്യയ്ക്ക് 19 പോയിന്റു ലഭിച്ചു. പതിനെട്ടു പോയിന്റുമായി കസാക്കിസ്ഥാൻ രണ്ടാംസ്ഥാനത്തു വന്നു. ഇന്ത്യൻ വനിതാടീം പോളണ്ടിനോടു പരാജയപ്പെടുകയും യുഎസിനോടു സമനില വഴങ്ങുകയും ചെയ്തെങ്കിലും പത്താംറൗണ്ടിൽ ചൈനയെ കീഴടക്കി മടങ്ങിവന്നു.

ഇന്ത്യയുടെ പുരുഷടീമിൽ ഹരികൃഷ്ണയ്ക്ക് 38 വയസ്സുണ്ട്. ഗുജറാത്തിക്ക് 29 വയസ്സും. മറ്റു മൂന്നുപേരും തീർത്തും ചെറുപ്പമാണ്. വനിതകളിൽ താനിയയ്ക്ക് 38 വയസ്സും ഹരികയ്ക്ക് 33 വയസ്സുമുണ്ട്. ശേഷിച്ച മൂന്നുപേരും ഇളംപ്രായക്കാർ. വിശ്വനാഥൻ ആനന്ദ് തുടക്കമിട്ട കുതിപ്പ് അടുത്ത രണ്ടു തലമുറ ഏറ്റെടുത്തുകഴിഞ്ഞു. 1988 ലാണ് വിശ്വനാഥൻ ആനന്ദിലൂടെ ഇന്ത്യയുടെ പ്രഥമ ഗ്രാൻഡ് മാസ്റ്റർ പിറന്നത്. ഇപ്പോൾ ഇന്ത്യയിൽനിന്ന് 85 ഗ്രാൻഡ്മാസ്റ്റർമാരുണ്ട്. മൂന്നു വനിതകളും ഗ്രാൻഡ്മാസ്റ്റർമാരായുണ്ട്. 1961 ൽ മാനുവൽ ആരോൺ ഇന്ത്യയിൽ നിന്നുള്ള പ്രഥമ ഇന്റർനാഷണൽ മാസ്റ്ററായി. ഇപ്പോൾ 124 ഇന്റർനാഷണൽ മാസ്റ്റർമാരുണ്ടു നമുക്ക്.

1956 ലാണ് ഇന്ത്യ ആദ്യമായി ചെസ് ഒളിംപ്യാഡിൽ പങ്കെടുക്കുന്നത്. അതായത്, ഒളിംപ്യാഡിന്റെ പന്ത്രണ്ടാം പതിപ്പിൽ. അവിടെ നിന്ന് ഇത്രത്തോളമെത്തി. ഉജ്ജ്വലനേട്ടമെന്നു പറയാം. ലോക ഒന്നാംനമ്പർ മാഗ്നസ് കാൾസനെ ഇന്ത്യയുടെ പത്തൊമ്പതുകാരൻ പ്രഗ്നാനന്ദ പരാജയപ്പെടുത്തിയത് വലിയ വാർത്തയായിരുന്നു. ഗുകേഷ് ലോകചാംപ്യൻപട്ടത്തിനു മത്സരിക്കാൻ യോഗ്യത നേടിയത് മറ്റൊരദ്ഭുതം.

ഇത്തവണ ബുഡാപെസ്റ്റിൽ നടന്ന ചെസ് ഒളിംപ്യാഡിൽ ഇന്ത്യൻ ടീമിൽ മലയാളിസാന്നിധ്യമില്ലായിരുന്നെങ്കിലും ചെസിൽ കേരളത്തിലും വലിയൊരു താരനിര വളർന്നുവരുന്നുണ്ട്. മൂന്നു ഗ്രാൻഡ്മാസ്റ്റർമാരെ കേരളം സംഭാവന ചെയ്തുകഴിഞ്ഞു. ജി.എൻ. ഗോപാൽ തുടക്കമിട്ട കുതിപ്പ് എസ്.എൽ. നാരായണനും നിഹാൽ സരിനുമൊക്കെ ഏറ്റെടുത്തു. വനിതാവിഭാഗത്തിലും കേരളം ചെസിൽ പ്രതീക്ഷ ഉയർത്തുന്നു. ചെസ് ഒളിംപ്യാഡിലെ സുവർണനേട്ടം കേരളത്തിനും പ്രചോദനമാകട്ടെ.

■

1–ാം പേജ് തുടർച്ച

# ഒടുങ്ങാത്ത സ്ട്രെസ് 'ഹൃദയഭാരം' വർധിപ്പിക്കുന്നു!

എന്നാൽ, അതിനൊരു മറുവശമുണ്ട്. ഈ യാന്ത്രികവേഗത്തിനൊപ്പമെത്താൻ മനുഷ്യൻ ഏറെ കഷ്ടപ്പെടണം. ആ പരാക്രമത്തിൽ പലരും കാലിടറിവീഴുകതന്നെ ചെയ്യുന്നു. ഇക്കൂട്ടർക്ക് അനിയന്ത്രിതമായ സ്ട്രെസ് താങ്ങാനുള്ള കരുത്തില്ലെന്നതുതന്നെ കാരണം. ആധുനികലോകത്തിന്റെ വ്യഗ്രമായ അനുഷ്ഠാനങ്ങളെ അഭിമുഖീകരിക്കാൻ നിർബന്ധിതനാകുന്ന മനുഷ്യൻ രണ്ടുവിധത്തിലാണ് അതിനോടു പ്രതികരിക്കുന്നത്. ആദ്യം ശക്തിയെല്ലാം സംഭരിച്ചു സംഘർഷത്തെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു, അതിനു പറ്റിയില്ലെങ്കിൽ തോൽവി സമ്മതിച്ച് മനസ്സും ശരീരവും തളർന്നു തറപറ്റുന്നു. ആ പതനം ഒരുവേള അവനെ മരണത്തിലേക്കും നയിച്ചേക്കാം. ഇന്നത്തെ യന്ത്രാധിഷ്ഠിതമായ ജീവിതശൈലികളിൽ ചെറുപ്പക്കാരായ പ്രൊഫഷണലുകൾക്കുണ്ടാകുന്ന പെട്ടെന്നുള്ള ഹാർട്ടറ്റാക്കിന്റെ കാരണവും ഇതുതന്നെ.

പെട്ടെന്ന് അനിയന്ത്രിതമായ സ്ട്രെസ് ഉണ്ടാകുമ്പോൾ എന്താണു സംഭവിക്കുന്നത്? ശരീരം അപകടകാരിയായ സ്ട്രെസിനെ നേരിടാൻ സജ്ജമാകും. മസ്തിഷ്കത്തിലെ ഹൈപ്പോത്തലാമസ്, പിറ്റുവിറ്ററി – അഡ്രിനൽ ഗ്രന്ഥികളെ ഉത്തേജിപ്പിക്കുന്നു. ഉത്തേജനഫലമായി സ്ട്രെസ് ഹോർമോണുകളായ അഡ്രിനാലും കോർട്ടിസോളും ശരീരത്തിൽ കുമിഞ്ഞുകൂടുന്നു. ഈ ഹോർമോണുകൾ സംഘർഷാവസ്ഥയോടു പ്രതികരിക്കാൻ ശരീരത്തെ പ്രാപ്തമാക്കുന്നു. തന്മൂലം പ്രഷറും നെഞ്ചിടിപ്പും കൂടുന്നു; ഊർജവിനിയോഗത്തിനായി ശരീരത്തിലെ ഗ്ലൂക്കോസ് നിർമാണം ദ്രുതഗതിയിലാക്കുന്നു. അത്യാവശ്യമില്ലാത്ത ഇമ്മ്യൂൺ–ദഹനപ്രക്രിയകൾക്കു താത്കാലികമായി സ്തംഭനമുണ്ടാകുന്നു. എന്നാൽ, സ്തോഭവും സ്ട്രെസും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ അതിനെ തരണംചെയ്യാൻ രക്തത്തിൽ കുമിഞ്ഞുകൂടുന്ന സ്ട്രെസ്ഹോർമോണുകൾ ശരീരത്തെ നാനാവിധത്തിലുള്ള രോഗാവസ്ഥകളിലേക്കു വലിച്ചിഴയ്ക്കുകതന്നെ ചെയ്യുന്നു. ഹൃദയത്തിനും രക്തധമനികൾക്കുമാണ് പരിക്കുകൾ കൂടുതലായുണ്ടാകുന്നത്. പ്രഷറും നെഞ്ചിടിപ്പും വർധിക്കുന്നതോടൊപ്പം ഹൃദയധമനികളുടെ ഉൾവ്യാസവും ചുരുങ്ങുന്നു. ധമനീവീക്കം കലശലാകുന്നു. ധമനികളിലെ കൊഴുപ്പുനിക്ഷേപം പൊട്ടുന്നു. അവിടെ രക്തക്കട്ടയുണ്ടായി ഹാർട്ടറ്റാക്കിലേക്കു നയിക്കുന്നു.

ഹാർട്ടറ്റാക്കുണ്ടാകുന്ന പല ചെറുപ്പക്കാർക്കും ഇസിജിയിൽ വ്യതിയാനങ്ങൾ കാണാറില്ല, 40 –50 ശതമാനത്തോളം പേർക്ക് കൊളസ്ട്രോൾ വർധിച്ചിട്ടില്ല, ഏറെ വ്യായാമം ചെയ്യുന്ന 'അരോഗദൃഢഗാത്രർ' – പക്ഷേ, പല അവസ്ഥകളിലും ഹൃദയാരോഗ്യം തകരുന്നതായി കാണുന്നു.

നിങ്ങളുടെ പ്രാണനെ താങ്ങിനിർത്തുന്ന ഹൃദയത്തെ രോഗാതുരതകളിൽനിന്നു പരിരക്ഷിക്കാനുള്ള ക്രിയാത്മകനിർദേശങ്ങളുമായാണ് വേൾഡ് ഹാർട്ട് ഫെഡറേഷൻ സെപ്റ്റംബർ 29 ന് ലോകഹൃദയദിനം ആചരിക്കുന്നത്. രോഗം മൂർച്ഛിച്ചിട്ടുള്ള ചെറിയൊരു ശതമാനം ആളുകൾക്കു ചികിത്സ നൽകുന്ന സമ്പ്രദായമാണ് ഇന്നു പ്രബലമായിക്കൊണ്ടിരിക്കുന്നത്. ഇന്ന് നൂറ്റെൺപതോളം കാത്ത്ലാബുകളാണ് കേരളത്തിലുള്ളത്. ഈ സംഖ്യ വർഷംപ്രതി വർധിച്ചുകൊണ്ടിരിക്കുന്നു. ഹാർട്ടറ്റാക്കുമായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്നവർക്കുള്ള അടിയന്തര ആൻജിയോപ്ലാസ്റ്റിയും മറ്റുമാണ് കാത്ത്ലാബുകളിൽ നടക്കുന്നത്. അത് അനിവാര്യവുമാണ്. എന്നാൽ, ചികിത്സാകേന്ദ്രങ്ങൾ കൂടുന്നതുകൊണ്ട് സമൂഹത്തിലെ രോഗവ്യാപനം കുറയുന്നില്ലെന്നോർക്കണം. അതു നടക്കണമെങ്കിൽ പ്രതിരോധത്തിനു മുൻതൂക്കം കൊടുക്കുന്ന ഒരു ആരോഗ്യസംസ്കാരം നാം വളർത്തിയെടുക്കണം. അതു സാധ്യവുമാണ്.

സാധാരണമായി മുതിർന്നവരിൽ കാണുന്ന പൊതുവായ ആപത്ഘടകങ്ങൾ ചെറുപ്പക്കാരിൽ കാണാറുണ്ടെങ്കിലും പ്രത്യേകമായി അവരെ ഹൃദയാഘാതത്തിലേക്കു തള്ളിവിടുന്ന പല നൂതനഘടകങ്ങളുമുണ്ട്. 40 വയസ്സിൽ താഴെ ഹാർട്ടറ്റാക്ക് വന്നവരുടെ കണക്കു പരിശോധിച്ചാൽ 25 ശതമാനത്തിലധികം പേരും 20 –30 വയസ്സിനിടയിലുള്ളവരാണ്. പ്രമേഹം, അമിതരക്തസമ്മർദം, വർധിച്ച കൊളസ്ട്രോൾ തുടങ്ങിയ ആപത്ഘടകങ്ങളെക്കാൾ ഉപരിയായി ചെറുപ്പക്കാരിൽ പല ശീലങ്ങളും വിനയാകുന്നു. പുകവലി, ലഹരിവസ്തുക്കളുടെ (ആംഫെറ്റാമൈനുകൾ, കൊക്കെയിൻ, മെത്താംഫെറ്റാമൈൻ) ഉപയോഗം, മദ്യപാനം, പാരമ്പര്യപ്രവണത, കുടുംബാംഗങ്ങളിൽ കാണുന്ന വർധിച്ച കൊഴുപ്പുഘടകങ്ങൾ, വ്യായാമക്കുറവ്, ഒടുങ്ങാത്ത സ്ട്രെസ്, അനാരോഗ്യകരമായ ഭക്ഷണച്ചിട്ടകൾ തുടങ്ങിയവ യുവാക്കളിലെ ഹൃദ്രോഗത്തിനുള്ള വഴിമരുന്നാകുന്നു.

ഇന്നു പരമ്പരാഗതമായ പല വൈദ്യസിദ്ധാന്തങ്ങളും മാറിമറിയുന്നു. ഹാർട്ടറ്റാക്ക് ഉണ്ടാകുന്ന ഏതാണ്ട് 40–50 ശതമാനംപേരിലും നേരത്തേ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നില്ല. അതുപോലെ, കൊളസ്ട്രോളും 50 ശതമാനം പേരിലും സാധാരണനിലയിൽ. സാധാരണ നാം പറയാറുള്ള 'ഫിസിക്കൽ ഫിറ്റ്നസ്' എന്ന പ്രതിഭാസവും ഹൃദയാരോഗ്യവുമായി പറയത്തക്ക ബന്ധമില്ലെന്നു തെളിയുന്നു. ജിമ്മിൽ ദീർഘനേരം വ്യായാമമുറകൾ ചെയ്യുന്ന സെലിബ്രിറ്റികളുടെ ആകസ്മികമായ ഹൃദയസ്തംഭനം ഇതിനുദാഹരണം. ഹൃദ്രോഗത്തിലേക്കു നയിക്കുന്ന നൂതനട്രിഗറുകളെ കണ്ടുപിടിക്കേണ്ടതിന്റെ അനിവാര്യത ഇവിടെ പ്രസക്തമാകുന്നു. ആൻജിയോഗ്രാഫിയിൽ പറയത്തക്ക ബ്ലോക്കുകൾ ഉപരിതല ഹൃദയധമനികളിൽ കാണാതെ ഹൃദ്രോഗമില്ലെന്നു വിധിക്കപ്പെട്ടവർ താമസിയാതെ ഹാർട്ടറ്റാക്കുമായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന വാർത്തകളുമുണ്ട്.

ഇപ്പോൾ ഹൃദ്രോഗസാധ്യത ഒരുവനിലുണ്ടോയെന്നു മുൻകൂട്ടി തിരിച്ചറിയാൻ സവിശേഷബയോസൂചകങ്ങളുടെ പ്രസക്തി വർധിച്ചുവരികയാണ്. കൊറോണറികളിലെ ഇനിയും പ്രകടമാകാത്ത ജരിതാവസ്ഥയുടെ പ്രാധാന്യം കണ്ടുപിടിക്കാൻ ഗവേഷണനിരീക്ഷണങ്ങൾ നടക്കുന്നു. ആപത്ഘടകമുള്ളവർക്കും ജനിതകപ്രവണതകൾ ഉള്ളവർക്കും ഹൃദ്രോഗസാധ്യതയുണ്ടോ അല്ലെങ്കിൽ അടുത്തകാലത്ത് ഹാർട്ടറ്റാക്കുണ്ടാകാനുള്ള സാധ്യതയുണ്ടോയെന്നറിയാൻ സി.റ്റി. ആൻജിയോഗ്രാഫിയുടെ പ്രസക്തിയും വർധിക്കുന്നു.

ലോകഹൃദയദിനത്തിൽമാത്രമല്ല, എല്ലാ ദിനചര്യകളിലും ഹൃദയാരോഗ്യം സുരക്ഷിതമാക്കുന്ന ജീവിതഭക്ഷണച്ചിട്ടകൾ സ്വായത്തമാക്കണം. ഹൃദയദിനം അതിനുള്ള ഒരു ഓർമപ്പെടുത്തലാണെന്നു കരുതാം.

■

Deepanalam Weekly

RNI No : 16998/68
Vol. 57 No. 30 Date of Publication 26 September 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




മുട്ടുചിറ സെന്റ് അൽഫോൻസാഭവൻ തീർത്ഥാടനകേന്ദ്രത്തിൽ

# വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ



**2024 ഒക്ടോബർ 3 മുതൽ 12 വരെ തീയതികളിൽ**

വിശുദ്ധ അൽഫോൻസാമ്മയുടെ വിശുദ്ധപദ പ്രഖ്യാപന ഓർമ്മത്തിരുനാളിന് ഒരുക്കമായുള്ള തിരുക്കർമ്മങ്ങൾ ഒക്ടോബർ 3 വ്യാഴാഴ്ച ആരംഭിക്കുന്നു. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 4.30 ന് ജപമാല, 5.00 ന് വി. കുർബാന, സന്ദേശം, ലദീഞ്ഞ്

**2024 ഒക്ടോബർ 3 വ്യാഴം**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ
(വികാരി, മുട്ടുചിറ ഫൊറോന)

**2024 ഒക്ടോബർ 4 വെള്ളി**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. ജോസഫ് ചെങ്ങഴശ്ശേരിൽ
(അസി. വികാരി, മുട്ടുചിറ ഫൊറോന)

**2024 ഒക്ടോബർ 5 ശനി**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. അലക്സ് പണ്ടാരക്കാപ്പിൽ
(ഡിറക്ടർ, ഹോളിഗോസ്റ്റ് ഹോസ്പിറ്റൽ, മുട്ടുചിറ)

**2024 ഒക്ടോബർ 6 ഞായർ**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. ജോളിച്ചൻ കിഴക്കേപ്പറമ്പിൽ, മുട്ടുചിറ
(നോർബെർട്ടൈൻ, സഭാംഗം)

**2024 ഒക്ടോബർ 7 തിങ്കൾ**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. മാത്യു വാഴചാരിക്കൽ
(അസി. വികാരി, മുട്ടുചിറ ഫൊറോന)

**2024 ഒക്ടോബർ 8 ചൊവ്വ**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ.മാത്യു ചന്ദ്രൻകുന്നേൽ
(വികാരി, കടുത്തുരുത്തി ഫൊറോന)

**2024 ഒക്ടോബർ 9 ബുധൻ**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. തോമസ് പൈങ്ങോട്ട് CMF
(സുപ്പീരിയർ, ക്ലാരറ്റ് ഭവൻ, കുറവിലങ്ങാട്)

**2024 ഒക്ടോബർ 10 വ്യാഴം**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. ടൈറ്റസ് തട്ടാമറ്റത്തിൽ
(സുപ്പീരിയർ & ഡിറക്ടർ, SVD കടുത്തുരുത്തി)

**2024 ഒക്ടോബർ 11 വെള്ളി**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ട്
(വികാരി, ഭരണങ്ങാനം ഫൊറോന)

**2024 ഒക്ടോബർ 12 ശനി**

04.30 pm : ജപമാല
05.00 pm : വി. കുർബാന, സന്ദേശം, ലദീഞ്ഞ്
പ്രദക്ഷിണം
മോൺ. ഡോ. ജോസഫ് കണിയോടിക്കൽ
(സിഞ്ചെല്ലൂസ്, പാലാ രൂപത &
മാനേജിംഗ് ഡിറക്ടർ, മാർ സ്ലീവാ മെഡിസിറ്റി)

വിശുദ്ധ അൽഫോൻസാമ്മയുടെ ബാല്യ കൗമാരജീവിതത്താൽ പരിപാവനമാക്കപ്പെട്ട മുട്ടുചിറയിലെ മുരിക്കൻതറവാടും പരിസരങ്ങളും സന്ദർശിക്കുന്നതിനും അവിടെ നിർമ്മിതമായിരിക്കുന്ന ദൈവാലയത്തിലെത്തി തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു പ്രാർത്ഥിച്ച് ധന്യരാകുന്നതിനും രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തപ്പെടുന്ന ജാഗരണപ്രാർത്ഥനയിൽ സംബന്ധിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും ഏവർക്കും ഹൃദ്യമായ സ്വാഗതം.

വെരി റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ
മുട്ടുചിറ ഫൊറോനാപള്ളി വികാരി

റവ. സി. ഗ്രെയ്സ് മുണ്ടപ്ലാക്കൽ F.C.C.
പ്രൊവിൻഷ്യൽ സുപ്പീരിയർ, എഫ്.സി.സി. അൽഫോൻസാ പ്രോവിൻസ്, പാലാ



സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD





Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org